VIII നിയമനിർമ്മാണം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരനടപടികളും

5.00 PM] മി. സ്പീക്കർ : ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി അങ്ങേയ്ക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ 2010 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : പ്രമേയത്തെ പിന്താങ്ങേണ്ടതാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : വിയോജനക്കുറിപ്പ് രേഖപ്പെടുത്തിക്കൊണ്ട് ബഹുമാനപ്പെട്ട ശ്രീ. ജി. കാർത്തികേയന് സംസാരിക്കാം.

ശ്രീ. ജി. കാർത്തികേയൻ : സർ, മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 സംബന്ധിച്ച് എന്റെ വിയോജനക്കുറിപ്പ് ഞാൻ അവതരിപ്പിക്കുന്നു. സാധാരണ ഗതിയിൽ ഒരു ബിൽ നിയമമാക്കുമ്പോൾ പ്രതിപക്ഷത്തിന്റെ ഭാഗത്ത് നിന്ന് അഭിപ്രായ വ്യത്യാസമോ വിയോജനക്കുറിപ്പോ രേഖപ്പെടുത്തുന്നത് സ്വാഭാവികമാണ്. സാധാരണഗതിയിൽ വകുപ്പ് തിരിച്ചുള്ള ചർച്ച വരുമ്പോൾ ഭേദഗതികളും വരാറുണ്ട്. പക്ഷേ മിക്കവാറും ബില്ലുകളെല്ലാം നിയമമാകുമ്പോൾ അത് ഏകകണ്ഠമായി പാസ്സാക്കുകയാണ് പൊതുവെയുള്ള കീഴ്വഴക്കം. ഈ ഗവൺമെന്റ് വന്നയുടനെ ശ്രീ. എം. എ. ബേബി കൊണ്ടു വന്ന വിദ്യാഭ്യാസ ബില്ലിന്റെ ഓരോ വകുപ്പുകൾ വന്നപ്പോഴും ഹൈക്കോടതിയിലും നിൽക്കില്ല, സുപ്രീം കോടതിയിലും നിൽക്കില്ല, പക്ഷേ അതിന്റെ ജനറൽ സ്പിരിറ്റിനോട് യോജിച്ചുകൊണ്ട് ഞങ്ങൾ ഏകകണ്ഠമായി ആ ബില്ല് പാസ്സാക്കിത്തന്നു. അത് വിദ്യാഭ്യാസ ബില്ലാണ്. പിന്നീട് ഹൈക്കോടതിയിലും സുപ്രീം കോടതിയിലും അതിന് തട്ട് കിട്ടിയ വിഷയം വേറെ. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ് മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 നിയമമാക്കാനുള്ള ഉദ്ദേശശുദ്ധി എന്താണ്? ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് അങ്ങ് വളരെ ദീർഘമായിട്ടല്ലെങ്കിലും ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. ഇതിന്റെ ആമുഖമായി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്താനുള്ള മാർഗ്ഗങ്ങൾ ഇപ്പോൾ സ്വീകരിക്കുന്നുണ്ടോയെന്നതാണ് പ്രധാനമായിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോൾ ഒരു നിയമം കൊണ്ട് വന്നിരിക്കുന്നു. ഈ ഗവൺമെന്റിന്റെ മുഖമുദ്ര എന്താണെന്നുള്ളത് മനസ്സിലാക്കേണ്ടതുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപനം നടത്തിയിട്ട് പോയി, അവിടെ നിന്ന് ഭയങ്കരമായി കയ്യടിച്ചു. അസംഘടിത മേഖലയിലുള്ള മുഴുവൻ സ്ത്രീ തൊഴിലാളികൾക്കും ഒരു മാസത്തെ അവധിയോടുകൂടി പ്രസവാനുകൂല്യമാണ് പ്രഖ്യാപനം. ഇപ്പോൾ ക്ഷേമനിധി ബോർഡിലെ അംഗങ്ങളായിട്ടുള്ള മുഴുവൻ തൊഴിലാളി സ്ത്രീകൾക്കും ഈ ആനുകൂല്യം കിട്ടിക്കൊണ്ടിരിക്കുകയാണ്. പ്രഖ്യാപനം വന്നപ്പോൾ എന്താണ്, ഭയങ്കര പ്രഖ്യാപനമാണെന്ന് തോന്നും. ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച ഈ ആനുകൂല്യം ഈ സംസ്ഥാനത്തെ ഒരു സ്ത്രീക്കും കിട്ടാൻ പോകുന്നില്ല. ഇതു കബളിപ്പിക്കലാണ്, മനസ്സിലായില്ലേ ; അതുപോലെയാണ് മന്ത്രി ഈ നിയമം കൊണ്ട് വരാൻ പോകുന്നത്. ഇത് നടപ്പാകാൻ പോകുന്നില്ല എന്ന് കാര്യം അങ്ങേയ്ക്ക് അറിയാമോ ?

ശ്രീ. ജി. കാർത്തികേയൻ : അതെനിക്ക് അറിയാവുന്നതാണ്. ബില്ലിന്റെ പീഠികയിൽ തന്നെ പറഞ്ഞിരിക്കുന്നത്, ഇവിടെ വില്ലേജുകളുടെ പേര് പറഞ്ഞിട്ടുണ്ട് ഞാൻ ആവർത്തന വിരസതയുണ്ടാക്കുന്നില്ല, സമയമില്ല അതു കൊണ്ട് ആ പേരുകൾ പറയുന്നില്ല. ".....മൂന്നാർ പ്രദേശത്തെ ഭൂമിയെ സംബന്ധിച്ച് കോടതികളിലും മറ്റ് അധികാര സ്ഥാനങ്ങളിലും തീർപ്പാകാതെ നിലനിൽക്കുന്ന തർക്കങ്ങൾ ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്തുകൊണ്ട് അതിന് തീർപ്പ് കൽപ്പിക്കുന്നതിനായി ഒരു പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ....." അതാണ് പ്രധാന മായിട്ടും പറയുന്നത്. "മൂന്നാർ പ്രദേശത്തെ ഭൂമിയിൽ വൻതോതിലുള്ള കയ്യേറ്റവും ഭൂമിയുടെ പരിവർത്തനവും പതിച്ചുകൊടുത്ത ആവശ്യങ്ങൾ ക്കല്ലാതെയുള്ള ആവശ്യങ്ങൾക്കായി ഭൂമി ഉപയോഗിക്കുന്നതും മൂന്നാർ പ്രദേശത്തെ ഭൂമിയുടേയും മറ്റ് പ്രകൃതി വിഭവങ്ങളുടെയും വിവേചനരഹിതമായ ചൂഷണവും ഉണ്ടായിട്ടുള്ളതിനാലും;"എന്നാണ്. ഇത് ഒരു ഗവൺമെന്റ് പരസ്യമായി ദൗർബല്യം സമ്മതിക്കുകയാണ്. നിലവിലുള്ള സംവിധാനങ്ങൾ കൊണ്ടും ഗവൺമെന്റ് സംവിധാനത്തിലൂടെയും ഈ പറയുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഈ ഗവൺമെന്റിന് സാധ്യമാണ്. ഇവിടെയാണ് ഈ ബിൽ അവതരിപ്പിക്കുന്നതിനുള്ള ഗവൺമെന്റിന്റെ ദുരുദ്ദേശത്തെ ചൂണ്ടിക്കാണിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന സമയം മുതൽ പ്രധാനമായും ഈ അവസാനകാലത്ത് മാത്രമല്ല മൂന്നാർ പ്രദേശവുമായി ബന്ധപ്പെട്ട് വന്ന തർക്കങ്ങളിലും വിവാദങ്ങളിലും ചില സത്യങ്ങളുമുണ്ട്. ആ പ്രശ്നങ്ങൾ ഇപ്പോഴും തീർന്നിട്ടില്ല, കഴിഞ്ഞ രണ്ട് ദിവസം മുൻപ് പോലും നിയമസഭയിൽ മൂന്നാർ പ്രദേശത്തെ ഭൂമിയുടെ അവകാശ തർക്കവും അവിടെ ടാറ്റയും മറ്റ് ബന്ധപ്പെട്ടവരുമായിട്ടുള്ള തർക്കങ്ങൾ നിൽക്കുന്നുണ്ടെന്ന് പറഞ്ഞു. ഒരിക്കൽ മാറാൻ പറഞ്ഞു രണ്ടാമത് അത് മാറ്റി പറയുകയും ചെയ്തു അത് അവിടെ നിൽക്കട്ടെ. ഇതുമായി ബന്ധപ്പെട്ട് ചില കേസ്സുകൾ വന്നു, അവിടെയുള്ള സർക്കാർ ഭൂമി ചില ഭൂമാഫിയകൾ കയ്യടക്കി വച്ചിരിക്കുന്നു.

മുതലാളിമാർ, ബിൽഡേഴ്സ്. എന്നിവരിൽനിന്നും ഈ സ്ഥലത്തെ മോചിപ്പിക്കുന്നതിനും മൂന്നാറിനെ സംരക്ഷിക്കുന്നതിനും വേണ്ടി കേരളത്തിലെ മുഖ്യമന്ത്രി ഒരു മൂന്നംഗ സംഘത്തെ അവിടേക്ക് അയച്ചു. സംഘത്തിന്റെ പേര് പറഞ്ഞാൽ നമുക്ക് തമാശ തോന്നും. അത്.....എന്തോ ആകട്ടെ, അയച്ചു. അതിൽ ഗവൺമെന്റിനകത്ത് വന്ന അഭിപ്രായ വ്യത്യാസങ്ങളെ ഞാനിവിടെ വിഷയമാക്കുന്നില്ല, അത് വേറെ വിഷയം. പക്ഷേ മുഖ്യമന്ത്രി പേഴ്സണലായിട്ട് ഇന്റർസ്റ്റ് എടുത്ത് അവിടെ പോയി. പിന്നീട് കേരളത്തിലെ ജനങ്ങൾ, ഇലക്ട്രോണിക് മീഡിയയുള്ള എല്ലാ മേഖലയിലേയും ജനങ്ങൾ കണ്ടത് വലിയ ജെ.സി.ബി.-യെല്ലാം കൊണ്ടുവന്ന് വലിയ ബിൽഡിംഗുകളും കെട്ടിടങ്ങളും റിസോർട്ടുകളുമെല്ലാം ഇടിച്ചു നിരത്തുന്നതാണ്. അങ്ങനെ ചെയ്യേണ്ടതാണ്, അതിൽ ഞങ്ങൾക്ക് ആക്ഷേപങ്ങളൊന്നുമില്ല. പക്ഷേ ഒരു പ്രഭാതമായപ്പോൾ അത് അവിടെ നിന്നു. പലയിടങ്ങളിലേക്കും അതിന്റെ അന്വേഷണം പോയപ്പോഴും സർവ്വേയുടെ ചങ്ങലപോയപ്പോഴും, സർവ്വേയുടെ ചങ്ങലയ്ക്ക് അറിയില്ലല്ലോ ചങ്ങല കയറിച്ചെല്ലുന്നത് കേരളം ഭരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഓഫീസിലേയ്ക്കാണെന്ന്. അതുമായി ബന്ധപ്പെട്ട് ഒരുപാട് കേസ്സുകൾ ഹൈക്കോടതിയിൽ വന്നു. ഒരു പക്ഷേ സദുദ്ദേശത്തിലാകാമെന്ന് വേണമെങ്കിൽ സമ്മതിക്കാം, ഗവൺമെന്റ് എടുത്ത നിലപാടുകൾക്ക് കടകവിരുദ്ധമായി ചില സമീപനങ്ങൾ, കോടതിയിൽനിന്ന് ഉണ്ടായിയെന്ന് നിങ്ങൾ പറയുന്നു, . അതല്ലെങ്കിൽ ഫലപ്രദമായി ആ കേസ്സുകൾ വാദിക്കുവാൻ സർക്കാരിന് കഴിഞ്ഞില്ല. മെർക്കിസ്റ്റൻ എസ്റ്റേറ്റിന്റെ കാര്യം ഇന്ന് രാവിലെ ഇവിടെ പറഞ്ഞതാണ്. 40 പ്രാവശ്യം സംസ്ഥാന സർക്കാരിന്റെ വക്കീൽ കോടതിയിൽ ഈ പ്രശ്നം തീർപ്പാക്കണമെന്ന് പറഞ്ഞു എന്നാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. 39-ാമത്തെ പ്രാവശ്യവും തള്ളിയപ്പോൾ 40-ാമത്തെ പ്രാവശ്യമെങ്കിലും..... നമുക്കൊരു എ. ജി. ഉണ്ടല്ലോ, ആ എ. ജി. പോയോ? എ. ജി. പോകുമ്പോൾ കുറച്ചുകൂടി അതിന് ഗൗരവം വരും. അപ്പോൾ മെർക്കിസ്റ്റൻ എസ്റ്റേറ്റുമായി ബന്ധപ്പെട്ട് അതിന് ചുക്കാൻ പിടിക്കുന്ന ആളുകളുടെ താല്പര്യങ്ങൾ, നമുക്കെല്ലാവർക്കും അറിയാം. ഞാൻ ഈ ട്രൈബ്യൂണലിനെ ഇതിലേക്ക് മനഃപൂർവ്വം കൊണ്ട് വരുന്നതല്ല. ഹൈക്കോടതിയിൽ വന്ന കേസ്സുകളിൽ മിക്കവാറും ഉള്ള കേസ്സുകൾ പരാജയപ്പെടുകയോ മാറ്റി വയ്ക്കുകയോ ആണ് ചെയ്യുന്നത്. അതിനിടയിൽ അവിടേക്ക് വിട്ട ആളുകൾ മടങ്ങി വന്നു. കേരളത്തിന്റെ മുഖ്യമന്ത്രി, മന്ത്രിസഭയിലെ അംഗങ്ങൾപോലും അറിയാതെ രാത്രി യാത്ര ചെയ്ത്, അവിടെ ചെന്ന് ഒരു സ്ഥലമെടുത്ത്, അവിടെ ഒരു ബോർഡ് സ്ഥാപിച്ച് അത് കേരള ഗവൺമെന്റിന്റെ സ്ഥലമാണെന്ന് പറഞ്ഞു, കേരളത്തെ അപമാനിച്ച് ചിത്രം വന്നതാണ്. പിറ്റേന്ന് നിയമസഭയിൽ ഞങ്ങൾ പറഞ്ഞു, നീൽ ആംസ്ട്രോങ്ങ് ചന്ദ്രനിൽ ഇറങ്ങിയപ്പോൾ ഇട്ടിരുന്ന ഡ്രസ്സ് പോലെ കേരളത്തിലെ മുഖ്യമന്ത്രി വെളുപ്പാൻ കാലത്ത് മരംകോച്ചുന്ന മഞ്ഞിൽ ഒരു ബോർഡുമായി സമരപഥങ്ങളിൽ കൂടി കടന്ന് കയറിവന്ന കേരളത്തിന്റെ വിപ്ലവ നായകൻ. ആ മുഖ്യമന്ത്രിക്ക് വന്ന ഒരു പതനം, അദ്ദേഹം ഒരു ബോർഡ് വച്ചു. നമ്മുടെ നിയമസഭാ ഹാളിനുള്ളിൽ ഒരു ബോർഡ് വച്ചിട്ട്

LIBRARY ARCHIVES Kerala Legislative Assembly

സഭാനാഥൻ പറയുകയാണ് ഇത് നമ്മുടെ സംസ്ഥാനത്തിന്റെ വസ്തുവാണ് എന്ന് പറയുന്നതിന് തുല്യമായിരുന്നില്ലേ അത് ? സംസ്ഥാന സർക്കാരിന്റെ ഭൂമി, അത് ഞാൻ പിടിച്ചെടുത്തു എന്ന് കേരളത്തിന്റെ മുഖ്യമന്ത്രി പറഞ്ഞു. മുഖ്യമന്ത്രി ടാറ്റയിൽ നിന്ന് പിടിച്ചെടുത്തു എന്ന് പറയുന്ന സ്ഥലം, അത് ടാറ്റയുടേതല്ല അത് സർക്കാരിന്റെ ഭൂമിയാണ് എന്ന് രേഖ വച്ചുകൊണ്ട് അടുത്ത ദിവസം ചട്ടം 300 അനുസരിച്ച് റവന്യൂ വകുപ്പ് മന്ത്രി നിയമസഭയിൽ സംസാരിച്ചു.

ശ്രീ. സാജു പോൾ : കേരളത്തിലെ തന്നെ വ്യത്യസ്തനായ ഒരു രാഷ്ട്രീയ നേതാവായി ഞാൻ കണക്കാക്കുന്ന ഒരാളാണ് ബഹുമാന്യനായ ശ്രീ. ജി. കാർത്തികേയൻ. 200 കൊല്ലത്തെ ബ്രിട്ടീഷ് ആധിപത്യം അവസാനിപ്പിക്കാൻ വേണ്ടി മഹാത്മാഗാന്ധി ദണ്ഡിയാത്ര നടത്തിയില്ലേ; ഉപ്പ് കുറുക്കിയാൽ സ്വാതന്ത്ര്യം കിട്ടുമോ എന്ന് ചോദിച്ചില്ലേ ? അതിന് സമാനമല്ലേ ബോർഡ് വയ്ക്കുന്നത് ? അങ്ങനെ ഒരു പ്രതീകാത്മകമായ നടപടി ഒരു മുഖ്യമന്ത്രി ചെയ്തതിനെ ഇങ്ങനെ ആക്ഷേപിക്കേണ്ട കാര്യമുണ്ടോ ?

ശ്രീ. ജി. കാർത്തികേയൻ : പ്രതീകാത്മകമായ നടപടിയെ ഞാൻ ആക്ഷേപിച്ചതല്ല. കേരളത്തിന്റെ റവന്യൂ വകുപ്പുമന്ത്രി പറയുന്നു സർക്കാർ ഭൂമിയാണെന്ന്. ആ സർക്കാർ ഭൂമിയിൽ പോയി കേരളത്തിന്റെ മുഖ്യമന്ത്രി എന്തിന് ഞാൻ ഈ സ്ഥലം പിടിച്ചെടുത്തിരിക്കുന്നു എന്ന ബോർഡ് സ്ഥാപിക്കണം എന്നതാണ് എന്റെ ചോദ്യം. അല്ലാതെ മുഖ്യമന്ത്രിയെ ആക്ഷേപിച്ചതല്ല. ഞാൻ എന്തിനാണ് മുഖ്യമന്ത്രിയെ ആക്ഷേപിക്കുന്നത് ? അദ്ദേഹം കേരളത്തിലെ വളരെ സീനിയർ ആയിട്ടുള്ള ഒരു പൊളിറ്റീഷ്യനാണ്. ഞാൻ ഒരു ഉദാഹരണം പറഞ്ഞുവെന്നേയുള്ളൂ. ഇങ്ങനെ ധാരാളം കാര്യങ്ങൾ മൂന്നാർ പ്രദേശത്തിലെ ജനങ്ങളുടെ മുൻപിൽ ഒരു കാഴ്ച വസ്തുവായി മാറിയ ഒരവസ്ഥ.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഒന്നുകിൽ നിങ്ങൾ കേസ് നടത്തുന്ന കാര്യത്തിൽ പരാജയപ്പെട്ടു; അല്ലെങ്കിൽ അഡ്മിനിസ്ട്രേഷൻ പരാജയപ്പെട്ടു; അതല്ലെങ്കിൽ മറ്റെന്തെങ്കിലും സ്ഥാപിതതാത്പര്യങ്ങൾ നിങ്ങളുടെ മുമ്പിൽ നിൽക്കുന്നു, അല്ലെങ്കിൽ നിങ്ങൾക്ക് കേരളത്തിൽ നിലനിൽക്കുന്ന നിയമ സംവിധാനങ്ങളെ വിശ്വാസമില്ല. അതുകൊണ്ടാണല്ലോ പ്രത്യേക ട്രിബ്യൂണലിനെ കൊണ്ടുവരുന്നത്. ഇപ്പോൾ പറയുന്നത് ഒരു കോടി കേസ്സുകൾ കെട്ടിക്കിടക്കുന്നതുകൊണ്ട് എളുപ്പത്തിൽ തീർക്കുന്നതിനുവേണ്ടിയാണെന്നാണ്. ഇവിടെ അന്ന് പറഞ്ഞതും ഇത് തന്നെയായിരുന്നു. ഞാൻ അത് പറയാം, ചില പ്രത്യേക അടിയന്തിര സാഹചര്യം വന്നതുകൊണ്ടാണ് ഗവൺമെന്റ് ഈ ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. 2010-ലെ മൂന്നാർ പ്രത്യേക ട്രിബ്യൂണൽ ബിൽ, തർക്കങ്ങളിൽ പലതിനും വിശദമായ തെളിവുകൾ ആവശ്യമായി വരുന്നതിനാൽ വ്യവഹാരങ്ങൾ തീർപ്പ് കൽപ്പിക്കാൻ കാലതാമസം നേരിടുന്നു എന്നുള്ളത് പരിഗണിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വർഷങ്ങൾ എടുത്താലും ഇടുക്കിയിലെ ഭൂപ്രശ്നവുമായി ബന്ധപ്പെട്ട കേസ്സിന് പരിഹാരം ഉണ്ടാകുകയില്ലായെന്ന് വ്യക്തമാണ്. വ്യക്തമായ തെളിവുകളുമായി ട്രിബ്യൂണലിൽ പോകണ്ടേ? വ്യക്തമായ തെളിവുകൾ കൊടുത്തുകൊണ്ട്, കേസ്സുകൾ വാദിക്കാൻ ഒരുപാട് സമയമെടുക്കും. അപ്പോൾ ട്രിബ്യൂണലിന് തെളിവുകൾ ഒന്നുംവേണ്ടേ?. ഇഷ്ടപ്പെട്ട വിധി കിട്ടുമോ? അപ്പോൾ അനുകൂലമായ വിധി കിട്ടാനെന്ന് ഞാൻ പറയുന്നില്ല. കാരണം ഞാൻ നിയമവ്യവസ്ഥയെ ബഹുമാനിക്കുന്ന ഒരാളാണ്. അനുകൂലമായ വിധികിട്ടാൻ ട്രിബ്യൂണൽ ഉണ്ടാക്കിയെന്നും ഞാൻ പറയുന്നില്ല. പക്ഷേ ഇത്തരം ട്രിബ്യൂണൽ ഉണ്ടാക്കിയത് രാഷ്ട്രീയമായ താത്പര്യങ്ങൾക്കുവേണ്ടി തന്നെയാണ്. അപ്പോൾ രാഷ്ട്രീയമായ താത്പര്യങ്ങൾ എങ്ങനെയെന്ന് ചോദിക്കും? ബില്ലിനകത്ത് പറഞ്ഞിട്ടുണ്ടല്ലോ, പേജ് 3-ൽ ട്രിബ്യൂണലിന്റെ രൂപീകരണവും അതിന്റെ ചുമതലകളും- എന്നതിൽ പറഞ്ഞിട്ടുണ്ട്. നമുക്ക് കേരളത്തിന്റെ പൊളിറ്റിക്കൽ സിസ്റ്റവും പൊളിറ്റിക്കൽ കൾച്ചറും പൊളിറ്റിക്കൽ സ്ട്രക്ച്ചറും അറിയാം. രാവിലെ ഒരു ചായ കുടിക്കുന്ന രാഷ്ട്രീയമുള്ളവരാണ് മലയാളി എന്നുപറയുന്നത്. ഞങ്ങൾക്കും രാഷ്ട്രീയമുണ്ട്. ഇവിടെ എന്താണ്, ട്രിബ്യൂണലിൽ വരുന്നത് ആരൊക്കെയാണ്? ഒരാൾ, ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു ജില്ലാ ജഡ്ജി സ്വാഭാവികമായി ഒരു പാനൽ, ചുരുക്കം പറഞ്ഞാൽ അതിന്റെ എഡ്ജ് ഗവൺമെന്റിന് തന്നെയായിരിക്കും. മൂന്നാർ പോലെയുള്ള ഒരു സ്ഥലത്തെ സംരക്ഷിക്കുന്നതിനും ആ ഭൂപ്രദേശം സംരക്ഷിക്കുന്നതിനും അവിടത്തെ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനും, ശ്രീ. എസ്. രാജേന്ദ്രൻ പ്രസംഗിച്ചതുപോലെ മക്കളുടെ വിദ്യാഭ്യാസത്തിനും മക്കളുടെ കല്യാണത്തിനും വരെ അതിനെ സജ്ജമാക്കുന്നു എന്നാണ് പ്രസംഗിച്ചത്. എനിക്ക് നല്ല ഓർമ്മയുണ്ട്. അങ്ങനെ സജ്ജമാക്കുന്ന നിലയിലേക്ക് ആ പ്രദേശത്തെ രക്ഷിക്കുന്നതിനുവേണ്ടി കൊണ്ടുവന്ന ബില്ലാണ്.

മി: ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എസ്. രാജേന്ദ്രൻ ഇനിയും പ്രസംഗിക്കുന്നുണ്ട്.

ശ്രീ. ജി. കാർത്തികേയൻ: അങ്ങനെ വരുന്ന ഒരു സ്ഥലത്തേയ്ക്ക് നിങ്ങൾ ചീഫ് ജസ്റ്റീസുമായി കൂടിയാലോചിച്ച് കൊണ്ടുവരുന്ന മറ്റ് രണ്ടുപേർ ആരാണ്. ട്രിബ്യൂണലിൽ മറ്റ് രണ്ട് അംഗങ്ങളുണ്ട്. അവരേയും സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതായിട്ടുണ്ട്. അതിൽ ഒരാൾ ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള ആളായിരിക്കണം എന്നാണ്. ജില്ലാ ജഡ്ജിയാവാൻ യോഗ്യതയുള്ള ആളെന്നുപറഞ്ഞാൽ മിനിമം ബാറിലെ പ്രാക്ടീസ്, അല്ലെങ്കിൽ കോമ്പീറ്റൻസി ആയിക്കോട്ടെ. നിങ്ങൾക്ക് ഇഷ്ടമുള്ള ആളിനെ സെലക്ട് ചെയ്യാം. പക്ഷേ ഇതിനകത്ത് വരുന്നത്, ജനത്തിന് നിയമം മനസ്സിലാകും. ഒരു ട്രിബ്യൂണലിൽ നിങ്ങൾക്ക് പറയാൻ എഡ്ജുള്ള ഒരാളിനെ ചെയർമാനാക്കി വച്ചുകൊണ്ട് നിങ്ങൾ നാമനിർദ്ദേശം ചെയ്യുന്ന രണ്ടുപേരെ അംഗങ്ങളാക്കുകയാണ്. ചുരുക്കത്തിൽ മൂന്നുപേരുണ്ട്. സൗകര്യപ്രദമായ ഒരു ടീമിനെയുണ്ടാക്കി ഒരു പ്രദേശത്തിന്റെ, ഹൈക്കോടതിയിലെല്ലാം പോയി

LIBRARY ARCHIVES Kerala Legislative Assembly

തീർപ്പ് കൽപ്പിക്കാത്തതോ അല്ലെങ്കിൽ തീർപ്പ് കൽപ്പിക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയാതെപോയ കേസ്സുകളെല്ലാം അവിടെനിന്ന് ഇങ്ങോട്ട് ട്രാൻസ്ഫർ ചെയ്ത്, അനുകൂലമായ വിധിയുണ്ടാക്കാൻ എന്നുള്ള പദം ഞാൻ ഉപയോഗിക്കുന്നില്ല. അല്ലെങ്കിൽ മറ്റ് എന്തിനാണുള്ളത്? കാലതാമസം എന്നു പറഞ്ഞാൽ ഒരു സംസ്ഥാനത്തിനകത്ത് പത്തുസെന്റ് ഭൂമിക്ക് കിടപ്പാടത്തിന് വേണ്ടിയുള്ള കേസ് വന്നുകഴിഞ്ഞാൽ, സിവിൽ കോർട്ടിൽ, കേരളത്തിലെ കോടതികളിൽ എത്ര വർഷമായി കേസ്സുകൾ നിൽക്കുന്നു? അപ്പോൾ അതിനൊക്കെ ട്രിബ്യൂണൽ വേണ്ടേ? അതിർത്തി തന്നെ എത്ര പ്രാവശ്യം വരുന്നു? സർവ്വീസ് മാറ്ററുകൾ എത്ര വർഷങ്ങൾ കാത്തുനിൽക്കുന്നു. എത്രയോ സ്ഥലങ്ങളിലുണ്ട്. ഒരുപാട് കേസ്സുകൾ ഇല്ലേ? വളരെ അത്യാവശ്യമായി വേണമെങ്കിൽ അതിന് ഫാസ്റ്റ് ട്രാക്ക് കോടതിയുടെ സിസ്റ്റമുണ്ടല്ലോ. അപ്പോൾ മൂന്നാർ പ്രദേശവുമായി ബന്ധപ്പെട്ട കേസ്സുകൾക്ക് അത്ര പ്രാധാന്യമുണ്ടെങ്കിൽ എന്തുകൊണ്ട് ഫാസ്റ്റ് ട്രാക്കിൽ ആയികൂടാ. അപ്പോൾ നിയമസഭയിൽ നിങ്ങൾക്കുള്ള ഭൂരിപക്ഷത്തിന്റെ ശക്തി ഉപയോഗിച്ചുകൊണ്ട് ഞങ്ങൾ ഡിസെന്റ് രേഖപ്പെടുത്തിയിട്ടും അവസാനം അത് ഒരു ബില്ലായി കൊണ്ടുവന്ന് നിയമമാക്കി, ആ നിയമത്തിന്റെ ശക്തിയിൽ ഒരു പ്രദേശത്ത് ആഗ്രഹിക്കുന്ന കാര്യങ്ങൾ നടപ്പിൽ വരുത്തുകയാണ്. ഈ മൂന്നാർ പ്രശ്നം ഇത്ര വഷളാക്കിയത് ആരാണ്? ഭൂമി പതിച്ചുകൊടുക്കുന്ന കാര്യങ്ങൾക്ക് എപ്പോഴും ഗവൺമെന്റ് എടുക്കുന്ന നിലപാടുകളോട് യോജിച്ച് ഞങ്ങളും ഉണ്ടെന്നുപറഞ്ഞാൽ അതിനർത്ഥം നിങ്ങൾ കാണിക്കുന്ന ഓരോന്നിനോടും യോജിക്കാൻ പറ്റുമോ? അട്ടപ്പാടി പ്രശ്നം സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ അടിയന്തിര പ്രമേയം അവതരിപ്പിച്ചു. ആദിവാസി മേഖലയിലോ അല്ലാത്ത മേഖലയിലോ പിന്നോക്ക ജനസമൂഹത്തിന് ഗവൺമെന്റ് ഭൂമി കൊടുക്കുന്നതിൽ ഞങ്ങൾക്ക് യോജിപ്പേയുള്ളൂ. പക്ഷേ ഒരു ഭാഗത്ത് ഒരു ട്രിബ്യൂണൽ കൊണ്ടുവന്ന് ഒരു പ്രദേശത്തെ രക്ഷിക്കാൻ ശ്രമിക്കുമ്പോൾ വേറൊരു ഭാഗത്തുകൂടി ആടുമാടുകളെപ്പോലെ ആദിവാസികളെ ആട്ടിയിറക്കപ്പെടുന്ന സംവിധാനം കൊണ്ടുവന്നിരിക്കുകയാണ്. അവിടെ നിങ്ങൾ എന്തുചെയ്യും? ബഹുമാനപ്പെട്ട എ. കെ. ബാലൻ ഇരിപ്പുണ്ടല്ലോ. ഞാൻ ക്ലബ് ചെയ്യുന്നതല്ല. ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയാണ് വേണ്ടത്, ഒരു ഗവൺമെന്റിന്റെ ജാഗ്രതയാണ് വേണ്ടത്.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 1971 കെ.ഡി.എച്ച്. ആക്ട് പ്രകാരം 57,000 ഏക്കർ ഭൂമി ടാറ്റയ്ക്കും 70,000 ഏക്കർ ഭൂമി ഗവൺമെന്റിന്റേയും കൈവശം വേണ്ടതാണല്ലോ. കഴിഞ്ഞ 40 വർഷമായി നിങ്ങളും ഭരിക്കുന്നു. ഞങ്ങളും ഭരിക്കുന്നു. ടാറ്റ അനധികൃതമായി കൈവശംവച്ച ഒരുസെന്റ് ഭൂമി പിടിച്ചെടുക്കാൻ നമുക്ക് കഴിഞ്ഞില്ല. അക്കാര്യത്തിൽ പലപ്പോഴും നമ്മൾ പരാജയപ്പെട്ടു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് ശക്തമായ ഒരു നീക്കം അതുമായി ബന്ധപ്പെട്ടുകൊണ്ട് നടത്തിയത്. അതിനെ ത്വരിതപ്പെടുത്തുന്നതിന് ഈ ട്രിബ്യൂണൽ രൂപീകരണം ഏറ്റവും ഉപകാരപ്രദമാണ്. അതിനെ വിശ്വാസത്തിലെടുക്കാൻ ബഹുമാനപ്പെട്ട അങ്ങേക്ക് എന്തുകൊണ്ടാണ് സാധിക്കാതിരുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട എ. കെ. ബാലൻ അവർകൾ, ഞങ്ങളാരും ടാറ്റയുടെ ആളുകളൊന്നുമല്ല. ആകേണ്ട കാര്യവുമില്ല. നമ്മുടെയൊക്കെ ചോര എന്താണ് ഒരേ സ്വഭാവത്തിലുള്ള ചോര തന്നെയാണ്. നിലവിലുള്ള സംവിധാനം അനുസരിച്ച് ടാറ്റയുടെ ഭൂമി നമുക്ക് അവകാശപ്പെട്ടതാണ്. അത് എടുക്കാനുള്ള സംവിധാനമൊന്നും കേരളത്തിൽ ഇല്ലേ ? എന്നുമാത്രമല്ല പ്രത്യേക മുന്നാർ ട്രിബ്യൂണൽ ബിൽ ടാറ്റയുടെ ഭൂമിയുമായി ബന്ധപ്പെട്ടത് മാത്രമാണോ, അല്ലല്ലോ ? ഒരു ബിൽ കൊണ്ടുവന്ന് നിയമമാകുമ്പോൾ.....

ശ്രീ. ഡെപ്യൂട്ടി സ്പീക്കർ : പ്രിയപ്പെട്ട ഉപനേതാവേ നമ്മൾ കൂടുതൽ ആളുകളായിട്ടുണ്ട്.

ശ്രീ. ജി. കാർത്തികേയൻ : ഞാൻ എത്രയായാലും.... അങ്ങനെ ഒരു പേടിയും വേണ്ട. എനിക്കറിയാം. അങ്ങനെ ആവശ്യമില്ലാതെ സമയം എടുക്കുന്ന വ്യക്തിയല്ല ഞാൻ.....(ബഹളം)..... അല്ല. പേടിക്കണ്ട..... (ബഹളം)..... ഞാൻ ഒരു കാര്യം പറയാം.

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇവിടെ കാറമില്ല. അങ്ങ് ഇത് പിരിച്ച് വിടണം. നമുക്ക് വിണ്ടും കൂടാം. കാറമില്ലാതെ നമ്മൾ ചർച്ച ചെയ്യുന്നതിന് എന്ത് കാറമാണ് ? ഇവിടെ ഇരിക്കുന്ന പേഴ്സണൽ സ്റ്റാഫിനെ ഒക്കെ കൂട്ടി കാറമാക്കാൻ പറ്റുമോ ?

ശ്രീ ഡെപ്യൂട്ടി സ്പീക്കർ : കാറുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : എവിടെ കാറം? എങ്ങനെയാണ് ? One tenth of the total strength അതിന് വേണ്ടി എടുത്തോളൂ.

ശ്രീ ഡെപ്യൂട്ടി സ്പീക്കർ : ഇതിന് രണ്ടുമൂന്ന് ആളുകൾ ക്യാന്റീനിലാണ്. ഇപ്പോൾ പോയതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അത് പറഞ്ഞിട്ട് കാര്യമില്ല. ഈ ഹൗസിനകത്ത് അവർ ഇരിക്കേണ്ട സീറ്റിൽ കാറത്തോടുകൂടി ഉണ്ടോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. കാറമില്ല. കാറമില്ലല്ലോ.

ശ്രീ ഡെപ്യൂട്ടി സ്പീക്കർ : പറഞ്ഞിട്ട് പോയതാണ്.

(കൂടുതൽ അംഗങ്ങൾ സഭയിൽ ഹാജരായി.)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കാറം ഒപ്പിച്ചു.

ശ്രീ ഡെപ്യൂട്ടി സ്പീക്കർ : പറഞ്ഞിട്ട് പോയതാണ്.

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട ചെയർ .....(ബഹളം)..... ബില്ലിന്റെ ചർച്ചാവേളയിൽ എടുക്കാൻ കഴിയുന്ന ഒരു സ്വാതന്ത്ര്യവും ഞാൻ എടുക്കുന്നില്ല അത് നന്നായിട്ട് അറിയുന്ന വ്യക്തിയാണ് ഞാൻ. ഞാൻ അപ്പുറവും ഇപ്പുറവും നന്നായി കാണുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജു പോൾ : സർ, എനിക്ക് ബഹുമാന്യനായ ജി. കാർത്തികേയനോട് ചോദിക്കാനുള്ളത്, അങ്ങ് ഈ പറയുന്ന മൂന്നാർ ട്രിബ്യൂണൽ പ്രത്യേക ബിൽ, ആ ഒരു ബില്ലിൽ മാത്രം നിന്നാണ് പറയുന്നത്. ഇതിന്റെയൊപ്പം തന്നെ മറ്റ് രണ്ട് ബില്ലുകൾ, പ്രത്യേക വിനോദസഞ്ചാര മേഖലയുടെയും, ഭൂമി ഏറ്റെടുത്ത് നവീന മൂന്നാർ അവിടെ സൃഷ്ടിക്കുന്നതിന്റെയും ഉൾപ്പെടെ മൂന്ന് ബില്ലുകളാണ്. ഇതുമാത്രം അടർത്തി മാറ്റിയെടുത്ത് സംസാരിക്കുമ്പോഴാണ് ഇങ്ങനെയൊരു തെറ്റിദ്ധാരണ ഉണ്ടാകുന്നത്. നിങ്ങൾ തന്നെ പ്രസംഗിച്ചിട്ടുള്ളത് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് മുൻകൈയെടുത്ത് അവിടത്തെ ഡി.സി.സി. പ്രസിഡന്റും ഇപ്പോഴത്തെ എം.പിയുമായ ശ്രീ. പി. ടി. തോമസ് നേതൃത്വം നൽകി അങ്ങനെയാണ് മൂന്നാർ പ്രശ്നവും കയ്യേറ്റവും ജനശ്രദ്ധയിൽ വന്ന് നടപടികൾ ഉണ്ടായതെന്നാണ്. ആ നടപടികളെ പിൻമാറ്റത്തക്ക വിധത്തിലുള്ള ജനകീയ പ്രക്ഷോഭങ്ങളുണ്ടായി അവിടത്തെ ഹൈറേഞ്ച് സംരക്ഷണ സമിതി എന്നുപറഞ്ഞ് മതമേലധ്യക്ഷൻമാരെല്ലാം ഉൾപ്പെട്ട സംവിധാനങ്ങൾ വന്നു. ഇങ്ങനെയുള്ള വാദകോലാഹാലങ്ങളെല്ലാം സംഭവിച്ചിട്ടുണ്ട്. പൊളിക്കലും മറ്റ് നടപടികളും ഉണ്ടായപ്പോൾ കോടതിയിൽ കേസ്സുകൾ വന്നു. ഇതെല്ലാം സംഭവിച്ചു. യഥാർത്ഥത്തിൽ ഈ മൂന്ന് നിയമങ്ങളും സമഗ്രമായി നടപ്പാക്കപ്പെടുമ്പോൾ മൂന്നാർ പ്രശ്നമെന്ന വലിയ ഒരു വിഷയം ശാശ്വതമായി പരിഹരിക്കപ്പെടുന്നതിലുള്ള അസ്വസ്ഥത കൊണ്ടല്ലേ അങ്ങ് ഇത്തരത്തിലുള്ള വാദമുഖങ്ങൾ ഉയർത്തുന്നത് ?

ശ്രീ. ജി. കാർത്തികേയൻ : എനിക്ക് വലിയ അസ്വസ്ഥതയാണ്. മൂന്ന് ബില്ലുകൾ എന്നു പറഞ്ഞത് ശരിയാണ്. കേരളത്തിന്റെ അവസാനത്തെ രക്ഷ ഈ മൂന്നാറിന്റെ സംരക്ഷണം, അതു മാത്രമാണെന്ന തെറ്റിദ്ധാരണയുള്ള ഒരു പൊതുപ്രവർത്തകനല്ല ഞാൻ. മൂന്നാർ സംരക്ഷിക്കണം. സംശയമൊന്നുമില്ല. ശ്രീ. സാജു പോൾ പറഞ്ഞ മറ്റ് രണ്ടെണ്ണത്തിന്റെ കാര്യം അറിയാതെയല്ല. ഇതിനകത്ത് ഒന്നാമത് സമയത്തിന്റെ പ്രശ്നമുണ്ട്. ഇതിൽ തന്നെ സ്ട്രിക്കായിട്ട് നിന്നു എന്ന് മാത്രമേയുള്ളൂ. അതവിടെ നിൽക്കട്ടെ. അതുകൊണ്ട് ഞാൻ ഒരുപാട് നീട്ടി സംസാരിക്കുന്നതുകൊണ്ട് അർത്ഥമില്ലെന്ന് എനിക്ക് അറിയാം. സമയത്തിന്റെ പരിമിതി. അതുമാത്രമല്ല 'സഭ അറിഞ്ഞ് പേശ്, നിജമായി പേശ്, പേശാതിരുന്ത് പേശ്'. തിരുവള്ളൂർ തിരുക്കുറലിൽ പറഞ്ഞിട്ടുള്ളതാണ്. വേറെ ഒരെണ്ണം കൂടിയുണ്ട്. അത് ഞാൻ പറയുന്നില്ല. ഞാൻ ഇവിടെ നിറുത്തുകയാണ്. ഇനി ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയാണ്. കാരണം ബില്ല് ഇവിടെ അവതരിപ്പിച്ചുകഴിഞ്ഞു. അത് നിയമമായിട്ട് മാറണം. ശ്രീ. സാജു പോൾ പറഞ്ഞ കാര്യങ്ങളൊക്കെ ശരിയാണ്. അതെല്ലാം സംരക്ഷിക്കുന്നതിന് ഇത്തരം ഒരു പ്രത്യേക ട്രൈബ്യൂണൽ ബില്ല് നിയമം ആകേണ്ട ആവശ്യമില്ലായെന്നുതന്നെയാണ് ഞങ്ങളുടെ ഉറച്ച വിശ്വാസം. അതുകൊണ്ട് ഞാൻ ഇവിടെ വസ്തുതകൾ പറഞ്ഞിരുന്നു. അതെല്ലാം വായിച്ച് സമയം കളയേണ്ടല്ലോ. ഇതിലെ വ്യവസ്ഥകളോട് ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഞാൻ നിറുത്തുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010

പൊതുജനാഭിപ്രായം നേടുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ചില കാര്യങ്ങളെ കുറിച്ച് ശ്രീ. ജി. കാർത്തികേയൻ പറഞ്ഞു. ഇനി ഞാൻ അതൊന്നും റിപ്പീറ്റ് ചെയ്യുന്നില്ല. ഈ ട്രൈബ്യൂണൽ രൂപീകരണവുമായി ബന്ധപ്പെട്ട് ഒരു ഒഫിഷ്യൽ അമെന്റ്മെന്റ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ കൊടുത്തിട്ടുണ്ട്. ഈ ഒഫീഷ്യൽ അമെന്റ്മെന്റിന് അകത്തുതന്നെ പറയുന്നു ഇതിനകത്ത് ഒരു അയഞ്ഞ സമീപനമാണെന്ന്. അയഞ്ഞ സമീപനത്തെ ഞാൻ കാണുന്നത് ഇതിനകത്ത് ചർച്ചയിൽ പങ്കെടുക്കാനും ഭരണകക്ഷി അംഗങ്ങളില്ല എന്നതാണ്. അവരുടെ തന്നെ ബില്ലാണ്. പക്ഷേ ആ ബില്ലിനെ കാണാനായിട്ട് അവരുടെ കൂട്ടത്തിലുള്ള ആളുകളില്ല. ക്വാറമില്ലാതെ പോകുന്ന അവസ്ഥവരെ വന്നെത്തി. അതിന്റെയർത്ഥം ഈ പ്രശ്നത്തോട് ഭരണകക്ഷി ഒരു അയഞ്ഞ സമീപനമാണ് എടുക്കുന്നത് എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ : അംഗങ്ങൾ ചായ കുടിക്കാൻ പോയതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ചായ കുടിക്കാൻ പോയാലും ഈ ഹൗസിൽ ഉണ്ടാകണം. ചായക്കട നോക്കി ക്വാറം തീരുമാനിക്കാൻ പറ്റുമോ ? അതിൽ ഒരു ആർഗ്യുമെന്റില്ല. വെറുതെ ആർഗ്യുമെന്റില്ലാത്ത കേസിൽ കയറി പിടിക്കാതെ. ഇപ്പോഴത്തെ അമെന്റ്മെന്റ് എന്താണ് ?

മി. ഡെപ്യൂട്ടി സ്പീക്കർ : ഭരണകക്ഷി, പ്രതിപക്ഷം എന്നല്ല. ടോട്ടൽ ക്വാറമാണ്. അതിൽ ഭരണകക്ഷി കൂടുന്നുണ്ടോ കുറയുന്നുണ്ടോയെന്നല്ല. ടോട്ടൽ നമ്പറിലുള്ളതാണ് ക്വാറം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അങ്ങനെ പറയേണ്ട. ഈ ബില്ല് ഇൻട്രൊഡ്യൂസ് ചെയ്തത് ഗവൺമെന്റാണ്. ഇതിൽ ക്വാറം ഉണ്ടാക്കേണ്ട ഉത്തരവാദിത്വമെന്നും ഞങ്ങളുടെ തലയിൽ വയ്ക്കേണ്ട. ഞാൻ പറഞ്ഞുവരുന്നത് കേട്ടോളൂ. സമയം കളയണ്ട. ഇപ്പോൾ ഇവിടെ സർക്കുലേറ്റ് ചെയ്തിരിക്കുന്ന അമെന്റ്മെന്റിൽ മൂന്നാർ ആക്ടിലെ ട്രൈബ്യൂണൽ രൂപീകരിച്ചുകഴിഞ്ഞാലുടൻ ഇത് പ്രാബല്യത്തിൽ വരുമെന്നാണ്. അതിന്റെ അർത്ഥം ജൂൺ 14-ാം തീയതി മുതൽ എന്നുള്ള പ്രാബല്യം ഇതിന് പോയിരിക്കുന്നു. ഇത് രൂപീകരിക്കുന്ന സമയത്ത് മാത്രമേ ഇനി ഇത് പ്രാബല്യത്തിൽ വരാൻ പോകുന്നുള്ളൂ. രണ്ടാമത്തെ പ്രശ്നം നേരത്തെ ശ്രീ. ജി. കാർത്തികേയൻ പറഞ്ഞു. വേഗത്തിൽ ഈ കാര്യങ്ങൾ ചെയ്യണമെന്നുവരികിൽ ഗവൺമെന്റിന് അതിന് മാർഗ്ഗമുണ്ട്. ജുഡീഷ്യറിയിൽ നിന്നുള്ള അധികാരമെടുത്ത് നോൺ-ജുഡീഷ്യസായിട്ടുള്ള ആളുകളുടെ കൈയിലേക്ക് ഈ അധികാരം കൈമാറുന്നു എന്നുള്ളതാണ് ഇതിന്റെ ട്രാൻസ്ഫർ. കാരണം ഫാസ്റ്റ് ട്രാക്ക് കോടതിയനുസരിച്ച് ജുഡീഷ്യറിയാണ് ഇത് കൈകാര്യം ചെയ്യുന്നതെങ്കിൽ അതിന് ഒരു ജുഡീഷ്യൽ ബാക്കിംഗ് ഉണ്ട്. അതേസമയം ഇവിടെ വരാൻ പോകുന്ന ഈ ട്രൈബ്യൂണൽ അങ്ങനെ ഒരു ബാക്കിംങ്ങോടു കൂടിയുള്ളതല്ല. അതിന് കാരണം മൂന്ന് ആളുകളെ ഇവർ നിയമിക്കുന്നു. ശ്രീ. ജി. കാർത്തികേയൻ പറഞ്ഞത് ഞാൻ ഓർമിപ്പിക്കു

LIBRARY ARCHIVES Kerala Legislative Assembly

കയാണ്. ഒന്ന് ഹൈക്കോടതിയുടെ ചീഫ് ജസ്റ്റീസിനോട് ആലോചിച്ചിട്ട് നിയമിക്കുന്ന റിട്ടയർ ചെയ്ത ഒരു ജില്ലാ ജഡ്ജി. അത് സാധാരണഗതിയിൽ ഗവൺമെന്റ് പറയുന്ന പാനലിന് അകത്ത് ലിമിറ്റ് ചെയ്തുകൊണ്ടേ ഹൈക്കോടതിക്ക് ആളെ നോമിനേറ്റ് ചെയ്യാൻ പറ്റൂ. അല്ലെങ്കിൽ ഹൈക്കോടതിയും ഗവൺമെന്റും തമ്മിലുള്ള തർക്കം വളരെ മൂത്തിരിക്കണം. ഞാൻ അങ്ങനെ വരാതിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുകയാണ്. രണ്ടാമത്തെ ആൾ ആരാണ് ? ഏഴ് വർഷം ഒരു ജില്ലാ കോടതിയിൽ പ്രാക്ടീസുള്ള ഒരു വക്കീൽ. ആ വക്കീലിനെ ഈ ട്രൈബ്യൂണലിൽ അംഗമാക്കാൻ പറ്റും. ഏഴ് വർഷം പ്രാക്ടീസുണ്ടെങ്കിൽ ജില്ലാ ജഡ്ജിയായിട്ട് നിയമിക്കുന്നതിനുള്ള യോഗ്യതയിലേക്ക് ഒരു വക്കീൽ വരികയാണ്. ആ വക്കീൽ ഗവൺമെന്റിന്റെ നോമിനിയാണ്. അപ്പോൾ ഒരു വക്കീൽ എന്ന് മാത്രമല്ല ; വക്കീൽ പ്ലസ് ഗവൺമെന്റ്. ആ രണ്ട് പവറും കൂടി, ആ ഒരു ഗവൺമെന്റിൽ ബാക്കിംഗോടുകൂടിയാണ് നോൺ ജുഡീഷ്യൽ മെമ്പറായി വരുന്ന ഈ വക്കീലിൽ നിക്ഷിപ്തമാകുന്നത്. അങ്ങനെ വരുമ്പോൾ ഇതിന്റെ അധികാരം എങ്ങോട്ടാണ് ചരിയാൻ പോകുന്നത് എന്നുള്ളത് നോക്കിയാൽ നമുക്ക് മനസ്സിലാക്കാൻ കഴിയില്ലേ. പിന്നെയുള്ളത് മൂന്നാമത്തെ ആൾ. സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ആൾ. എന്തുകൊണ്ടാണ് ഇതിനകത്ത് അവരുടെ ഏജ് പറയാത്തത് ? സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത് തൊണ്ണൂറ് വയസ് എത്തിയ ആളിനെയും വേണമെങ്കിൽ ഇതിനകത്ത് കൊണ്ടുവരാൻ പറ്റും. എന്തുകൊണ്ട് അതിനകത്ത് ഒരു ഏജ് നിബന്ധന വച്ചുകൂടാ ? സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തവർ ആയിക്കോട്ടേ. റിട്ടയർമെന്റ് ഏജ് കഴിഞ്ഞ 65 വയസ്സിന് താഴെയുള്ള വ്യക്തി എന്ന് എന്തുകൊണ്ട് വയ്ക്കാൻ തയ്യാറായില്ല. അപ്പോൾ മനസ്സിൽ ആരെയോ കണ്ടിട്ടുണ്ട്. എൺപത്തിയഞ്ച് തൊണ്ണൂറ് വയസ്സിനടുത്തുള്ള ഏതോ ഒരു വൃദ്ധനെ നിങ്ങൾ കണ്ടുവച്ചിട്ടുണ്ട്. അത് തിരുകിക്കയറ്റുന്നതിനുവേണ്ടിയാണ് ഈ ഏജിന്റെ ലിമിറ്റ് കൊണ്ടുവരാത്തത് എന്ന് വേണം നമ്മൾ കണക്കാക്കാൻ. ഇപ്പോൾ ആലോചിച്ചോളൂ. ഞാൻ ബില്ലിന് അകത്തുനിന്ന് സംസാരിക്കുകയാണ്. ഇങ്ങനെ പറയുന്നത് കറക്ടല്ലെങ്കിൽ പറഞ്ഞോളൂ. അങ്ങ് കൺവിൻസിംഗ് ആയിട്ട് ഒരു ആർഗുമെന്റ് പറഞ്ഞാൽ ഞാൻ കൺസീഡ് ചെയ്യാൻ ഒരുക്കമാണ്. പക്ഷേ ആർഗുമെന്റ് കൺവിൻസിംഗ് ആകണം. ഇപ്പോൾ ഞാൻ പറയുന്നു അപ്പോൾ .....

ശ്രീ. സാജു പോൾ : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇപ്പോൾ ഇവിടെ ഒരു ജഡ്ജിയെ കണ്ടുവച്ച് ആളുടെ പ്രായാധിക്യവും മറ്റ് വിവരണങ്ങളും ഒക്കെ നടത്തി. എഴുന്നേറ്റ് നിൽക്കാൻ പോലും പറ്റാത്ത ആളുകളെ ഗവർണർമാരാക്കി വച്ച നിങ്ങൾ ഒരു ചെറിയ ട്രൈബ്യൂണലിന്റെ ജഡ്ജി സ്ഥാനത്തേയ്ക്ക് ആരെയോ കൊണ്ടുവരാൻ പോകുന്നു എന്നുള്ള നിലയ്ക്ക് ഇവിടെ പറയുന്നത് ഒരു ശരിയായ നടപടിയാണോ ? ആളുകളെ ചൂണ്ടിക്കാണിക്കുക. അക്കോമഡേറ്റ് ചെയ്യുക എന്നുള്ള നടപടി ഇന്ത്യയിൽ തന്നെ, ലോകത്ത് തന്നെ ഏറ്റവും ഗംഭീരമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പാർട്ടിയാണ് ഇന്ത്യൻ നാഷണൽ കോൺഗ്രസ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, പുച്ച പുറത്തുചാടിയല്ലോ. അക്കോമഡേറ്റ് ചെയ്യുക എന്നത്-അതുതന്നെയാണ് ഉദ്ദേശമെന്ന് വന്നല്ലോ. ഞാൻ പറയുന്നത് അക്കോമഡേറ്റ് ചെയ്യണമെങ്കിലും ചെയ്തുകൊള്ളൂ. എന്തുകൊണ്ടാണ് ? ഹൈക്കോടതിയിലും മറ്റ് കോടതികളിലും കിടക്കുന്ന കേസുകൾ അവിടെ കിടന്നാൽ ദൈർഘ്യത്തോടുകൂടി മുന്നോട്ടു പോകുമെന്നതു കൊണ്ട് ഹ്രസ്വകാലം കൊണ്ട് അതിന് തീരുമാനം ഉണ്ടാക്കുവാൻ അതിവേഗ കോടതിയുടെ മുപത്തിലേയ്ക്ക് കൊണ്ടുവരാൻ പോകുന്ന നമ്മുടെ ട്രൈബ്യൂണലിൽ, അവിടെയാണ് ഏജ് ലിമിറ്റു പോലുമില്ലാത്ത ആരെ വേണമെങ്കിലും കുത്തിത്തിരുകാമെന്ന് പറയുന്ന പഴുത് കൂടി ഇട്ടുകൊണ്ട് ഈ നിയമം പാസ്സാക്കണമെന്ന് പറയുന്നത്. അപ്പോൾ ഈ അവസാനത്തെ നിമിഷത്തിലാണെങ്കിലും ഒഫിഷ്യൽ അമെൻന്റ്മെന്റ് ഒന്ന് രണ്ട് കാര്യത്തിൽ കൊണ്ടുവന്നിട്ടുള്ള ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി, അഞ്ച് ഇതിനകത്ത് ലിമിറ്റ് വരുത്തുന്നതിനെക്കുറിച്ച് ആലോചിക്കണം എന്ന് ഞാൻ വീണ്ടും അപേക്ഷിക്കുകയാണ്. രണ്ടാമത്തേത്, നേരത്തെ പറഞ്ഞതുപോലെ ഒരു ജില്ലാ ജഡ്ജിയായിട്ട് നിയമനം കിട്ടാനുള്ളത് എന്നത് മാറണം. അതുമാറി ഹൈക്കോടതി ജഡ്ജി എന്നാക്കണം. ഹൈക്കോടതിയോട് ആലോചിച്ചിട്ട് നിങ്ങൾ നിയമിക്കുന്നുവെന്ന് പറഞ്ഞാൽ ഹൈക്കോടതി ജഡ്ജിയാകാൻ അർഹതയുള്ള ഒരു വക്കീലിനെ എന്തുകൊണ്ട് ബാറിൽ നിന്നും എടുത്തുകൂടാ ? നിങ്ങൾ എന്തിനാണ് ജില്ലാ ജഡ്ജിയെന്ന് വയ്ക്കുന്നത് ? എന്നു പറഞ്ഞാൽ ഒരു ട്രൈബ്യൂണലിനെ നമ്മൾ ഡി-സ്റ്റാന്റേർഡ് ചെയ്യാൻ ശ്രമിക്കുകയാണ്. അങ്ങനെ ജുഡീഷ്യൽ പവർ കൊടുക്കാൻ പോകുന്ന, ജുഡീഷ്യൽ അധികാരമുള്ള ഒരു സമിതിയെ നമ്മൾ ഡിഗ്രേഡ് ചെയ്യുന്നത് ശരിയല്ല. അത് തെറ്റായ സമീപനമാണ്. അത് മാറ്റണം എന്നുള്ളത് തന്നെയാണ് എന്റെ ശക്തമായ അഭിപ്രായം. ഇവിടെ നേരത്തെ പറഞ്ഞല്ലോ ഹൈക്കോടതിയുടെയും സുപ്രീംകോടതി ഒഴിച്ചുള്ള എല്ലാ കോടതികളിലെയും മറ്റ് അധികാര സ്ഥാനങ്ങളുടെയും കർത്തവ്യമാണ് ഇങ്ങോട്ട് കേസുകൾ കൊടുക്കുക എന്നുള്ളത്. എനിക്ക് ഇവിടെ ഒരു ചോദ്യം ചോദിക്കാനുണ്ട്. മൂന്നാറിൽ കാലങ്ങളായി വിവാദങ്ങൾ നടക്കുകയല്ലേ ? അവിടെ കേസുകളും കേസിന്മേൽ കേസും ഉണ്ടല്ലോ. ഇപ്പോൾ ഈ ഗവൺമെന്റ് മൂന്നാർ സംബന്ധിച്ച് നടത്തിയിട്ടുള്ള ഒരു കേസിലും ജയിച്ചിട്ടില്ലല്ലോ. ഇനി മൂന്നാർ പോകട്ടെ, വനം വകുപ്പുമന്ത്രി അതുവഴി മിന്നൽ ഫ്ളാഷ് പോലെ പോകുന്നത് ഞാൻ കണ്ടു. ഈയിടെയായിട്ട് അങ്ങ് വളരെ മൗനിയാണ്. എന്തുകൊണ്ടാണെന്ന് എനിക്ക് അറിയില്ല ? മൗനം വിദ്വാന് ഭൂഷണം എന്നുള്ളതുകൊണ്ടാകും അങ്ങ് മൗനിയായിരിക്കുന്നത് എന്ന് ഞാൻ കണക്കാക്കുന്നു. ഈ ഗവൺമെന്റിനെ ഡിഫെന്റ് ചെയ്യാൻ പോയിട്ട് വലിയ കാര്യമില്ല എന്നുള്ളതുകൊണ്ട് അങ്ങ് അറിഞ്ഞ് വളരെ തന്ത്രപൂർവ്വമായ സമീപനം എടുക്കുകയാണെങ്കിൽ എന്റെ കൺഗ്രാജുലേഷൻസ്. ഇവിടെ വന്നിരിക്കുന്ന പ്രശ്നം ഹൈക്കോടതിയുടെയും സുപ്രീം കോടതി ഒഴികെയുള്ള എല്ലാ കേസുകളും ഇങ്ങോട്ട് കൊണ്ടുവരുന്നു എന്ന് പറയുകയാണ്. അതല്ല, അപ്പോൾ കേസ് നടത്തി വിധി പ്രസ്താവിക്കാനായി തെളിവുകൾ

പൂർത്തിയാക്കിയിട്ടുള്ളതും, ഓർഡറിന് അവസാനമായി വച്ചിരിക്കുന്നതുമായ കേസുകൾ എന്താകും. ഈ നിലയിലേക്ക് വന്നാൽ മെർക്കിസ്റ്റൺ സ്റ്റെലിലുള്ള കേസുകൾ, ഈ ട്രൈബ്യൂണൽ ഏത് ഗവൺമെന്റിന്റെ നോമിനികൾ തന്നെ ആയാലും മുന്ന് വ്യക്തികൾ ഉൾപ്പെടുന്ന ഈ ട്രൈബ്യൂണലിന്റെ മുമ്പിലേക്ക് ജുഡിഷ്യറിയുടെ കൈയിൽ നിന്ന്, ഓർബിറ്റിന് പുറത്തുകൊണ്ടുവരുന്ന രൂപത്തിലേക്ക് ഇത് വിനിയോഗിക്കും എന്നുള്ളതാണ് ഞങ്ങളുടെ ശങ്ക. മുന്നാറിനെ സംബന്ധിച്ച് ഇപ്പോൾ ദേവികുളം കോടതിയിൽ ഫോറസ്റ്റ് കേസുകൾ നടക്കുകയല്ലേ? അങ്ങനെ നിരവധി കേസുകൾ ആ ഭാഗത്ത് നടക്കുന്നുണ്ട്. ആ കേസുകൾ, കൈകാര്യം ചെയ്ത ആ കേസ്സുകളിൽ ചിലത് ഹൈക്കോടതിയിൽ കിടപ്പുണ്ട്. അതല്ലെങ്കിൽ തൊടുപുഴ ജില്ലാ കോടതിയിൽ കിടപ്പുണ്ട്. അങ്ങനെ ജില്ലാ കോടതിയിൽ കിടക്കുന്ന ഏറ്റവും അവസാനത്തെ ഘട്ടത്തിൽ വന്നിരിക്കുന്ന കേസുകൾ വരെ ഇതിന്റെ അടിസ്ഥാനത്തിൽ തട്ടിമാറ്റുകയാണ്. ഒരു പുതിയ കോടതി രൂപീകരിച്ചാൽ അല്ലെങ്കിൽ ഒരു ട്രൈബ്യൂണൽ രൂപീകരിച്ചാൽ ഒരു കേസ് എത്ര ലാഗ് ചെയ്യുമെന്ന് അങ്ങേക്ക് അറിയാവുന്നതല്ലേ? അപ്പോൾ അതു കൊണ്ട് കേസിന്റെ ലാഗിംഗാണ്, കേസിന്റെ വേഗതയല്ല, ഉണ്ടാകുന്നത്. കേസു കൊണ്ട് കുമ്പാരമാകുകയാണ്.ഇതിന്റെ പ്രൊസീഡ്യൂർ പൂർത്തിയാകണമെന്നു വരികിൽ നിശ്ചയമായും ഒന്നു-രണ്ടു കൊല്ലമെങ്കിലും എടുക്കും. കാരണം ഈ കോടതിക്ക് അതിന്റേതായ സെറ്റപ്പ് വേണം, ഇതിനുള്ള ആളുകളെ വയ്ക്കണം, അവിടെ സപ്പോർട്ടീവ് സ്റ്റാഫുണ്ടാകണം, അതു സംബന്ധിച്ചുള്ള എല്ലാ കാര്യങ്ങളും വേണം. അതിന് ഏറ്റവും ചുരുങ്ങിയത് ഒന്ന്-ഒന്നര കൊല്ലക്കാലമില്ലാതെ ഈ പുതിയ ട്രൈബ്യൂണലിന് അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധത്തിൽ ഭംഗിയായി പ്രവർത്തിക്കാൻ കഴിയില്ല. അതുകൊണ്ട് കേസ് വേഗതയിൽ തീരും എന്നുപറയുന്നത് നമ്മളുടെ ഒരു ദിവാസ്വപ്നമാണ്. അതേ സമയം കേസുകൾ ലാഗു ചെയ്യാൻ പോകുന്നു എന്നുള്ള ഞങ്ങളുടെ ആശങ്ക ഇവിടെ പങ്കുവയ്ക്കുകയാണ്. ഹൈക്കോടതിയുടെ മുമ്പാകെ നിലനിൽക്കുന്ന ഏതു വ്യവഹാരവും ഈ ആക്ട് നിർണ്ണയിച്ചുകൊണ്ട് എടുക്കുകയാണ്. ട്രൈബ്യൂണൽ പാസ്സാക്കിയ തീരുമാനത്തെ എതിർക്കുന്ന സർക്കാരിന്, അല്ലെങ്കിൽ ഏതെങ്കിലും ആളുകൾക്ക് ആ തീരുമാനത്തിന്റെ തീയതി മുതൽ അറുപത് ദിവസത്തിനകം പ്രസ്തുത തീരുമാനത്തിനെതിരെ ഹൈക്കോടതി മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിനുള്ള അധികാരമുണ്ട്. അപ്പോൾ മറ്റൊരു കോടതിയിൽ നിന്ന് ട്രൈബ്യൂണലിന്റെ മുമ്പിലേക്ക് വന്ന് ട്രൈബ്യൂണലിന്റെ വിധി കഴിഞ്ഞ് അറുപത് ദിവസത്തിന് ശേഷം ഒരു അപ്പീലിലേക്കുകൂടി പോകുമ്പോൾ നമ്മുടെ ഒരു പുരുഷായുസ്സ് കൊണ്ട് ഒരു തീരുമാനവും മുന്നാറ് സംബന്ധിച്ച് ഉണ്ടാകില്ല എന്നുള്ള നിലയിലേക്ക് കാര്യങ്ങൾ പോകുകയാണ്. ഇവിടെ ഒന്നാം ഉപവകുപ്പ് പ്രകാരമുള്ള അപ്പീലിൽ സാരവത്തായൊരു നിയമപ്രശ്നം ഉൾക്കൊള്ളുന്നുണ്ടെങ്കിൽ മാത്രം ഹൈക്കോടതി ഇതിന്റെ അപ്പീൽ സ്വീകരിച്ചാൽ മതി. അവിടെ പ്രധാനപ്പെട്ട ഡിസ്ക്രീഷനറി പവർ വരികയാണ്. സാരവത്തായ ഒരു പ്രശ്നം ഇതിനകത്ത് അടങ്ങിയിട്ടുണ്ടോ എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. എന്താണ് സാരവത്ത്? സാരവത്തായ കാര്യമെന്താണെന്നുള്ള

LIBRARY ARCHIVES Kerala Legislative Assembly

തിനെക്കുറിച്ച് ഞാൻ ഈ ഡെഫനിഷൻ ക്ലാസിൽ നോക്കുമ്പോൾ അങ്ങനെ സാരവത്തായ കേസുകൾ ഏത് എന്നതിനെക്കുറിച്ച് ഈ ഡെഫനിഷനിൽ പറഞ്ഞിട്ടില്ല. ഇത് ഗൗരവമുള്ള കേസ്സാണോ, അതോ അത്ര ഗൗരവമില്ലാത്ത കേസ്സാണോ എന്ന് തീരുമാനിക്കേണ്ടത് ആരാണ്. ? അപ്പോൾ അധികാരത്തിന് അപ്പുറത്തുള്ള ഏതോ ഒരു ശക്തി ഇതിനകത്ത് തീരുമാനമെടുക്കുകയും അങ്ങനെ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വരാൻ പോകുന്ന ചില അപ്പീലുകൾ, കൊടുക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് ഗവൺമെന്റ് ചെന്നുപെടുകയും ചെയ്യും എന്നുതന്നെയാണ് എന്റെ ആശങ്ക. അതുകൂടാതെ 12-ാം വകുപ്പ്, ഈ ആക്ട് പ്രകാരം ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്തതോ റഫർ ചെയ്തതോ ആയ എല്ലാ തർക്കങ്ങളും അന്തിമമായി തീർപ്പാക്കിയിട്ടുണ്ടെന്നും ട്രൈബ്യൂണലിന്റെ പ്രവർത്തനം ഇനിമേൽ ആവശ്യമില്ലെന്ന് സർക്കാരിന് ബോദ്ധ്യമാകുന്ന പക്ഷം ഒരു വിജ്ഞാപനം മുഖേന ഈ ട്രൈബ്യൂണലിന്റെ പ്രവർത്തനം നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിക്കാമെന്ന് ഇതിനകത്ത് എഴുതിവച്ചിരിക്കുകയാണ്. ഇത് ടെമ്പററിയാണോ ? ഇത് ഈ ട്രൈബ്യൂണലിനെതന്നെ പേടിപ്പിക്കുന്നതിന് വേണ്ടിയാണ്. പിരിച്ചുവിടുമെന്നു പറയുന്ന ഡെമോക്ലീസിന്റെ വാൾ ഈ ട്രൈബ്യൂണലിന്റെ മുകളിൽ കെട്ടിത്തൂക്കിയിരിക്കുകയാണ്. ഈ ട്രൈബ്യൂണലിന്റെ പ്രവർത്തനം ഗവൺമെന്റ് ഇച്ഛിക്കുന്ന വിധത്തിലല്ല പോകുന്നതെങ്കിൽ ഗവൺമെന്റിന് ഈ ട്രൈബ്യൂണലിനെ പിരിച്ചുവിടാം. ഗവൺമെന്റിന്റെ ഇഷ്ടാനുസരണം അത്രയും കാലം മാത്രമേ ഈ ട്രൈബ്യൂണലിന് നിലനിൽക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഗവൺമെന്റിന്റെ wings and fancy-ക്കനുസരിച്ച് ഡാൻസു കളിച്ചുകൊണ്ടിരിക്കുന്ന ഒരു ഐറ്റമായി ഈ ട്രൈബ്യൂണൽ മാറും. അതല്ലാതെ എന്തുകൊണ്ട് ഈ ട്രൈബ്യൂണലിന് കാലപരിധി വച്ചുകൂടാ. വളരെ സീരിയസ്സായിട്ടുള്ള പ്രശ്നമാണ്. നമ്മൾ ഇതു പാസ്സാക്കുകയാണെങ്കിൽ ഇതിനെക്കുറിച്ച് ഗൗരവതരമായി ആലോചിക്കണം. ഒരു ട്രൈബ്യൂണലിനെ തീരുമാനിക്കുകയാണെങ്കിൽ അഞ്ചു കൊല്ലമോ മൂന്നുകൊല്ലമോ അങ്ങനെ എത്ര കൊല്ലം വേണമെങ്കിലും വച്ചോളൂ, നിങ്ങൾ കാലാവധി പറയൂ. നിങ്ങൾ കാലാവധി പറയുന്നില്ല, അതേ സമയം ട്രൈബ്യൂണലിനെ എപ്പോൾ വേണമെങ്കിലും പിരിച്ചുവിടാൻ പറ്റുമെന്നൊരു ഭീഷണി ഈ ട്രൈബ്യൂണലിന്റെ മുകളിൽ നിൽക്കുന്നു എന്നുള്ളതുകൊണ്ട് ഈ ട്രൈബ്യൂണലിന്റെ പ്രവർത്തനം സ്വതന്ത്രമാകില്ല എന്നു ഞാൻ വിശ്വസിക്കുകയാണ്. രണ്ടാം ഉപവകുപ്പിലെ ഒന്നാം വകുപ്പ് പ്രകാരമുള്ള ട്രൈബ്യൂണലിനെ പിരിച്ചുവിട്ടുകഴിഞ്ഞാൽ എല്ലാ രേഖകളും വസ്തുക്കളും വീണ്ടും ജില്ലാ കോടതിയിലേയ്ക്ക് തന്നെ പോകണം എന്നു പറഞ്ഞാൽ മൂഷികസ്ത്രീ വീണ്ടും മൂഷികസ്ത്രീയായി എന്നു പറയുന്നതുപോലെയാണ്. അപ്പോൾ ഗവൺമെന്റിന് ഇഷ്ടമുണ്ടെങ്കിൽ ഇത് തുടരും, ഗവൺമെന്റിന് ഇഷ്ടമില്ലെങ്കിൽ അവിടെ വച്ചു നിർത്തും. എന്നിട്ട് ആ കേസ്സുകളെല്ലാം വിത്ഡ്രാ ചെയ്ത് പഴയ ജില്ലാ കോടതിയിലേയ്ക്ക് തന്നെ കൊണ്ടുപോകും. അപ്പോൾ ഇത് ഒരു സ്വതന്ത്ര ട്രൈബ്യൂണൽ അല്ല. കേസ്സുകൾ സ്വതന്ത്രമായി കൈകാര്യം ചെയ്യാനവർക്ക് കഴിയില്ല. അതാത് ഗവൺമെന്റിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് തുള്ളിച്ചാടുന്ന ഒരു ഐറ്റമായി ഇത് നിൽക്കും

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളത് തന്നെയാണ് എന്റെ ആശങ്ക. അതുകൊണ്ട് നിശ്ചയമായും ഗവൺമെന്റ് ഇതിനെക്കുറിച്ച് വളരെ ഗൗരവതരമായി ആലോചിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഒന്നുരണ്ടു കാര്യത്തിൽ അങ്ങ് ഒഫിഷ്യൽ ഭേദഗതി കൊണ്ടുവന്നതുപോലെതന്നെ ഈ കാര്യത്തിലും ഭേദഗതി കൊണ്ടുവന്ന് മൂന്നാറിനെ രക്ഷിക്കുന്നതിനു വേണ്ടിയുള്ള നടപടിയിലേയ്ക്ക് പോകണം.

പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ, നൂറു കണക്കിന് കേസ് ഹൈക്കോടതിയിലുള്ള ഒരു സാഹചര്യത്തിലാണ് കേരളാ ഗവൺമെന്റിനോട് ഡിവിഷൻ ബഞ്ച് തന്നെ എന്തുകൊണ്ട് നിങ്ങൾക്ക് ഒരു ട്രൈബ്യൂണൽ രൂപീകരിച്ചുകൂടാ, ഞങ്ങളുടെ സമയം എന്തിന് ചെലവഴിക്കുന്നു എന്ന് ചോദിച്ചത്. അപ്പോൾ ഒരു ട്രൈബ്യൂണൽ രൂപീകരിക്കുക എന്നുള്ളത് യഥാർത്ഥത്തിൽ ഹൈക്കോടതിയുടെ തന്നെ ഉദ്ദേശമായിരുന്നു. അതിന്റെ ഭാഗമായിട്ടാണ് ഈ നിയമനിർമ്മാണത്തിന് രൂപം കൊടുക്കുന്നത്. നമുക്കറിയാമല്ലോ രണ്ട് ഡാമുകൾ ഇപ്പോൾ ടാറ്റ കെട്ടിയിട്ടുണ്ട്. അത് പൊളിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇനി അതിന്റെ മുകളിലൊരു നടപടി ഹൈക്കോടതി തീരുമാനിക്കണമെങ്കിൽ എത്ര വർഷമെടുക്കും ? അപ്പോൾ ഇതിന്റെ ഉദ്ദേശത്തെ ബഹുമാനപ്പെട്ട തിരുവഞ്ചൂർ ചോദ്യം ചെയ്യുമെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞാൻ അങ്ങയുടെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഹൈക്കോടതിയുടെ ഉദ്ദേശ്യശുദ്ധിയെ തിരിച്ചും മറിച്ചും നമ്മുടെ സൗകര്യത്തിനനുസരിച്ച് വിനിയോഗിക്കരുത്. ഹൈക്കോടതി പറഞ്ഞത് എന്താണ് ? ഇവിടെ നൂറുകണക്കിന് കേസുകൾ നടക്കുന്നു. അതുകൊണ്ട് നിങ്ങൾക്ക് എന്തുകൊണ്ട് ഒരു ട്രൈബ്യൂണൽ ഉണ്ടാക്കികൂടാ. ആ ട്രൈബ്യൂണൽ ഒരു ജുഡീഷ്യൽ ബോഡിയാക്കുന്നതുകൊണ്ടുള്ള തകരാറെന്താണ്, അതിൽ ഹൈക്കോടതിയുടെ ഒരു ജഡ്ജിയെ വയ്ക്കുന്നതു കൊണ്ടുള്ള തകരാറെന്താണ് ? ഒരു സിറ്റിംഗ് ജഡ്ജിയെ വച്ചുകൂടേ, അല്ലെങ്കിൽ ജില്ലാ കോടതിയിൽ നിന്ന് സിറ്റിംഗ് ജഡ്ജിമാരെ നമുക്ക് ഇതിനുവേണ്ടി എടുത്തുകൂടേ ? എന്തിനാണ് ഏഴു വർഷക്കാലം ബാറിൽ പ്രാക്ടീസുള്ള ഒരു വ്യക്തിയെ ഇതിനകത്ത് തിരുകിക്കയറ്റുന്നത്. ജില്ലാ ജഡ്ജിയാകാൻ അർഹതയുള്ള ഒരാളിനെ തിരുകിക്കയറ്റുന്നത് എന്തിനാണ് ? റിട്ടയർ ചെയ്ത ആളിന് ഒരു റീ-അപ്പോയിന്റ്മെന്റ് നൽകുന്നത് ഈ ഗവൺമെന്റിന്റെ നയം പോലുമല്ലല്ലോ. നിങ്ങൾ പറയുമോ റീ-അപ്പോയിന്റ്മെന്റ് നിങ്ങൾ അംഗീകരിക്കുമെന്ന്. ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയത്തെപ്പോലും കാറ്റിൽപ്പറത്തിക്കൊണ്ട് റീ-അപ്പോയിന്റ്മെന്റിലൂടെ ഒരാളിനെ അനിശ്ചിതക്കാലത്തേക്ക് ട്രൈബ്യൂണലാക്കാം എന്നൊരു വ്യവസ്ഥ എന്തിനാണ് വച്ചത്. ഇതുവല്ലതും ഹൈക്കോടതി പറഞ്ഞിട്ടുണ്ടോ. ഹൈക്കോടതി പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. ഹൈക്കോടതി പറഞ്ഞതിനോടാണ് അങ്ങ് യോജിക്കുന്നതെങ്കിൽ അങ്ങ് എന്നോടും യോജിക്കണം. കാരണം നമ്മൾ പറഞ്ഞിട്ടുള്ളത് ഹൈക്കോടതി സുതാര്യമായി ഇതു കൊണ്ടുപോകണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതിനെ തിരിച്ചുമറിച്ച്, ഷേപ്പില്ലാതാക്കി ആളുകളെ വിഷമിപ്പിക്കുന്ന രൂപത്തിലാകരുത് എന്നുള്ളതാണ്. എനിക്ക് മൂന്നാറിനെക്കുറിച്ച് രണ്ടു വാക്ക് പറയാനുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ഇത്രയും നേരം പറഞ്ഞത് അതുതന്നെയല്ലേ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഇത് നിയമം, ഇത് കൃത്യമായ നിയമം; ശ്രീ. പി. സി. ജോർജ് നാലെന്നു സമ്മതിച്ചു. അങ്ങ് രണ്ടെന്നു സമ്മതിക്കുന്നു. ഞാൻ മൂന്നു മാത്രമേ എടുക്കുകയുള്ളൂ. അപ്പോൾ ഇവിടെ പ്രശ്നമെന്താണ്. മൂന്നാറിനെക്കുറിച്ച് നമ്മുടെ സ്വപ്നമെന്താണ് മൂന്നാറിന്റെ കാലാവസ്ഥ പോയില്ലേ ? നവീന മൂന്നാർ ഉണ്ടാക്കും എന്ന് ബഹുമാനപ്പെട്ട ടൂറിസം മന്ത്രി പറഞ്ഞതല്ലേ. അവിടെ രണ്ടായിരം റൂമുകൾ കൂടി വന്നുവെങ്കിൽ മാത്രമേ പഴയ രൂപത്തിലേക്ക് നമുക്ക് എത്താൻ കഴിയൂ എന്ന് അങ്ങയുടെ പ്രഖ്യാപനം വന്നു. ആ നവീന മൂന്നാർ സങ്കല്പം എവിടെപ്പോയി. സത്യം പറഞ്ഞാൽ ഊട്ടിയുടെ കാലാവസ്ഥയായിരുന്നില്ലേ. ഇപ്പോൾ അവിടെ.

ശ്രീ. പി. സി. ജോർജ് : സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇത്ര ആത്മാർത്ഥമായി പ്രസംഗിക്കുന്നതുകൊണ്ട് ചോദിക്കുകയാണ്. ഇത് നടപ്പാക്കാൻ ഇവർക്ക് ഉദ്ദേശമുണ്ടെന്നു വിചാരിച്ചാണോ സംസാരിക്കുന്നത് ഉദാഹരണം പറയാം, നെൽവയൽ-നീർത്തട നിയമം, ഡാറ്റാ ബാങ്ക് ഉണ്ടാക്കണം, അത് രൂപീകരിച്ചിട്ടില്ല. കമ്മിറ്റിയെ വയ്ക്കണം, കമ്മിറ്റിയെ വച്ചിട്ടില്ല. രണ്ടു കൊല്ലമായി, ആ നിയമം വെള്ളത്തിലായി. ഇപ്പോൾ ഇതിനകത്ത് മന്ത്രി അമെന്റ്മെന്റ് കൊണ്ടുവന്നിരിക്കുകയാണ്. എന്താണ് ? 'ഈ ആക്ട് പ്രാബല്യത്തിൽ വന്നാൽ ഉടൻ തന്നെ' എന്നതിനു പകരം 'ഈ ആക്ട് പ്രകാരം ട്രൈബ്യൂണൽ രൂപീകരിച്ചാൽ ഉടൻ തന്നെ' എന്നാണ്. ട്രൈബ്യൂണൽ രൂപീകരിക്കുകയുമില്ല, ഈ നിയമം പ്രാവർത്തികമാകുകയുമില്ല. വെറുതെ മനുഷ്യന്റെ കണ്ണിൽ പൊടിയിടാൻ നിയമം കൊണ്ടുവന്നിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അത് ഞാൻ നേരത്തേ സൂചിപ്പിച്ചതാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : കാലത്ത് ഒരു സബ്മിഷനിലൂടെ നെൽവയൽ-നീർത്തട സംരക്ഷണ നിയമത്തെക്കുറിച്ച് അദ്ദേഹം ഇവിടെ ഉന്നയിച്ചു. ഗവൺമെന്റിന്റെ ഭാഗത്തുനിന്നു മറുപടിയും പറഞ്ഞു. വീണ്ടും ശ്രീ. പി. സി. ജോർജ് അതുതന്നെയാണ് ആവർത്തിച്ചത്. കൃത്യമായിട്ട് ഞാൻ പറഞ്ഞതല്ലേ, തൃശൂർ പട്ടണത്തിൽ 25 ഏക്കറോളം വരുന്ന സ്ഥലം നികത്തിയതിനെതിരെ ഗവൺമെന്റ് ഈ പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഓർഡറിട്ട് ആ നികത്തിയ സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുകയും ഹൈക്കോടതിയിൽ കേസ് വന്ന് സിംഗിൾ ബഞ്ചിലും ഡിവിഷൻ ബഞ്ചിലുമുൾപ്പെടെ ഗവൺമെന്റ് ഉത്തരവിനേയും നിയമത്തെയും അംഗീകരിച്ചുകൊണ്ട്, ഗവൺമെന്റ് നടപടിയെ അപ്രീഷിയേറ്റ് ചെയ്തുകൊണ്ട് കോടതി ഉത്തരവ് പുറപ്പെടുവിച്ച് എന്ന് ഇവിടെ കാലത്തു പറഞ്ഞതല്ലേ ? ശ്രീ. ജോർജ് പിന്നെയും, ഇതെന്തിനാണ് ആവർത്തിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച നടപടിയെപറ്റി പറഞ്ഞു. ഒരു റോഡ് മുഴുവൻ പണിത് വച്ചിട്ട് അതു മുഴുവൻ മാറ്റുമോ ? അങ്ങ് മറുപടി പറഞ്ഞില്ല. ആ ചർച്ചയിലേക്ക് പോകുകയല്ല. ഒരു നിയമം പ്രാബല്യത്തിൽ വന്ന് റൂൾസും ഇട്ടു കഴിഞ്ഞിട്ട് ഇന്നുവരെ അതിന്റെ ഡാറ്റാ ബാങ്ക് ഉണ്ടാക്കിയിട്ടില്ല. ഗ്രാമതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന് പറഞ്ഞിരിക്കുന്നു. 2008-ൽ റൂൾസ് ഉണ്ടാക്കിയതാണ്. എന്തുകൊണ്ട് ആ റൂൾസിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് തല കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. ഇത് 2010 ആഗസ്റ്റ് മാസത്തിലേക്ക് എത്തിരിക്കുകയല്ലേ. രണ്ടുകൊല്ലമായിട്ടും അങ്ങേക്കത് കഴിഞ്ഞില്ലായെന്നു പറഞ്ഞാൽ നിയമം പ്രാബല്യത്തിൽ വന്നുവെന്നു പറയുന്നതിന് എന്ത് അർത്ഥമാണുള്ളത്. ഹൈക്കോടതി വിധി വന്നാൽ തീർന്നില്ലേ.

ശ്രീ. കെ. ബാബു : സർ, നികത്തിയ ഭൂമിയിൽനിന്നും മണ്ണ് നീക്കം ചെയ്യുന്ന കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചു. ഇത് തൃശ്ശൂരിലെ കാര്യം മാത്രമാണ്. കേരളത്തിൽ വ്യാപകമായി ഇത് നടക്കുകയാണ്. ആലത്തൂർ എം.എൽ.എ. ശ്രീ.ചന്ദ്രൻ തന്നെ ശ്രീ. പാലോളി മുഹമ്മദ് കുട്ടിയോട് ചോദിച്ച ചോദ്യം, കേരളം മുഴുവൻ ക്വാട്ടേഷൻ ടീം ഇറങ്ങി വ്യാപകമായി വയൽ നികത്തുന്നു എന്നാണ്. തൃശ്ശൂരിനെ മറപിടിച്ചുകൊണ്ട് കേരളത്തിൽ മുഴുവൻ നടക്കുന്ന നികത്തലിനെ മന്ത്രി ന്യായീകരിക്കുകയാണ് എന്നുള്ള കാര്യം അറിയില്ലേ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : മാത്രമല്ല, ശ്രീ.ചന്ദ്രൻ പറഞ്ഞത് വെള്ളിയാഴ്ച നികത്തൽ നടക്കുന്നു എന്നാണ്. സെക്കന്റ് സാറ്റർഡേയ്ക്ക് മുൻപുള്ള വെള്ളിയാഴ്ച ഈ പണി ആരംഭിക്കും. എന്നിട്ട് ശനിയാഴ്ചയും ഞായറാഴ്ചയും കൊണ്ട് പണി തീർക്കും. തിങ്കളാഴ്ച വരുമ്പോൾ ഭൂമി ഉയർന്നിരിക്കും. അത് അവിടെ നിൽക്കട്ടെ. എനിക്ക് അങ്ങയോട് ഒരു കാര്യം പറയാനുള്ളത്, അങ്ങ് ഒരു നിയമം പൈലറ്റ് ചെയ്തതുകൊണ്ട് ഞാൻ ചോദിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു സാധു മനുഷ്യൻ, ആ പാവത്തിന് ക്യാൻസർ രോഗം വന്നു. വാടക വീട്ടിൽ താമസിക്കുകയാണ്. നാട്ടുകാർ എല്ലാംകൂടി കളക്ട് ചെയ്താണ് വാടകയ്ക്കുള്ള കാശ് കൊടുക്കുന്നത്. അവർക്ക് ജീവിക്കാൻ ഒരു മാർഗ്ഗവുമില്ല. അടൂർ നിയോജകമണ്ഡലത്തിൽ ഏറത്ത് പഞ്ചായത്തിൽ പുതുശ്ശേരി എന്ന സ്ഥലത്ത് 5 സെന്റ് വയൽ നികത്തുന്നതിനുവേണ്ടി അങ്ങയുടെ വില്ലേജ് ആഫീസറെ പോയി കണ്ടു. ഞാനും ഇടപെട്ടതാണ്. എന്നോട് 'നോ' എന്ന് പറയാൻ വില്ലേജാഫീസർക്ക് ബുദ്ധിമുട്ടാണ്. അപ്പോൾ പറഞ്ഞു ഇവിടെ ഗ്രാമതല കമ്മിറ്റിവേണം, പഞ്ചായത്തിനോട് ആലോചിക്കണം, ഡേറ്റാ ബാങ്ക് വന്നിട്ടില്ല. ഡേറ്റാ ബാങ്ക് എന്ന് കേട്ടപ്പോൾ ക്യാൻസർ രോഗി ഞെട്ടിപ്പോയി. വെറും അഞ്ച് സെന്റ് ഭൂമിയാണ്. നിയമത്തിനകത്ത് വ്യത്യസ്തമായ കാര്യങ്ങളാണുള്ളത്. ഞങ്ങൾ കൂടി പോയ സെലക്ട് കമ്മിറ്റിയിൽ ഞങ്ങൾ എടുത്ത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ, ഞങ്ങൾ ഉണ്ടാക്കിയ റിപ്പോർട്ടിന്റെയടിസ്ഥാനത്തിലാണ് നിയസഭ നിയമം പാസ്സാക്കിയത്. എന്നിട്ടും ഏട്ടിലെ പശു പുല്ലു തിന്നുമോ

എന്ന് പറയുന്നതുപോലെയാണ്. ആ നിയമമെല്ലാം കടലാസ്സിൽ കിടക്കുകയാണ്. അതേസമയം മറുവശമുണ്ട്. കോടിശ്വരന്മാർ തിരുവനന്തപുരം പട്ടണത്തിൽ നിന്നും 5 കി.മീറ്റർ അകലെ 135 കോടി രൂപയ്ക്കുള്ള ഒരു കെട്ടിടം വയലിന്റെ മദ്ധ്യത്തിൽ പണിതുകൊണ്ടിരിക്കുകയാണ്. ആളുകൾ ആ നാട്ടിൽ പറയുന്നത് ഇതിനുള്ള റൂൾസ് വരാത്തത് ഈ കെട്ടിടം പണി തീരാത്തതുകൊണ്ടാണ് എന്നാണ്. രണ്ട് ചിത്രമാണ്. ക്യാൻസർ രോഗിയായ പാവത്തിന് ഭൂമി നികത്തുന്നതിനുവേണ്ടി എല്ലാ നിയമത്തിന്റേയും പ്രൊട്ടക്ഷൻ ഉണ്ടായിട്ടും ആ 5 സെന്റ് ഭൂമിക്കുവേണ്ടി നിബന്ധനകൾ പറഞ്ഞ് അവരെ തള്ളിവിടുകയാണ്. അതേസമയം നമ്മുടെ കൺമുൻപിൽ കാണുന്നത് ഇത്തരത്തിലുള്ള വ്യത്യസ്തമായ മനുഷ്യത്വരഹിതമായ സമീപനമാണ്.

ശ്രീ. സാജു പോൾ : സർ, പോയിന്റ് ഓഫ് ഓർഡർ. റൂൾ 287, ചർച്ചയിൽ തന്റെ സ്വന്തം വാദങ്ങളേയോ അല്ലെങ്കിൽ മറ്റംഗങ്ങളുടെ വാദങ്ങളേയോ സംബന്ധിച്ച് അസംഗത്യമായി സംസാരിക്കുകയോ അല്ലെങ്കിൽ വാദങ്ങൾ മുഷിവ് തോന്നത്തക്കവിധം ആവർത്തിച്ചുകൊണ്ടിരിക്കുകയോ ആയ അംഗത്തിന്റെ നടപടി സംബന്ധിച്ച് സഭയുടെ ശ്രദ്ധക്ഷണിച്ചശേഷം സ്പീക്കർക്ക് അദ്ദേഹത്തോട് പ്രസംഗം നിർത്താൻ ആവശ്യപ്പെടാവുന്നതാണ്. ഇന്നിവിടെ രാവിലെ പറഞ്ഞ അതേ കാര്യം ഇവിടെ ആവർത്തിച്ച് ഉന്നയിക്കുന്നത് ചട്ടപ്രകാരമാണോ ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഈ ക്രമപ്രശ്നം തന്നെ ചട്ടവിരുദ്ധമാണ്. പക്ഷേ ശ്രീ. സാജു പോൾ ഇനി ചട്ട വിരുദ്ധമായിട്ടല്ല, ഇങ്ങനെ ഒരു ചെറിയ രൂപത്തിൽ കറങ്ങി വന്നാലും ഞങ്ങൾ അത് വിട്ടുകളയും. കാരണം, ഞങ്ങളുടെ ഒരു കുടുംബബന്ധം അങ്ങനെയാണ് നിൽക്കുന്നത്. അതുകൊണ്ട് ഞങ്ങൾ അത് വിട്ടുകളയും. അതുകൊണ്ട് സാജു പോൾ ഇനി വിമർശിച്ചാൽ പോലും ഞങ്ങൾ അത് കാര്യമായിട്ട് എടുക്കില്ല. എല്ലാ കാര്യങ്ങളും ആലോചിച്ച് തന്നെയാണ്. ഡോ. തോമസ് ഐസക് പറഞ്ഞത് പോലെ അത് അവിടെ നിൽക്കട്ടെ. ഇവിടെയുള്ള പ്രധാനപ്പെട്ട പ്രശ്നം ദുരിതപൂർണ്ണമായ ഒരു കാര്യമാണ്. ശ്രീ. എ. കെ. ബാലൻ, അദ്ദേഹം ഒരു ചോദ്യം ചോദിച്ചതിനുശേഷം സ്ഥലം വിട്ടു എന്നാണ് എനിക്ക് തോന്നുന്നത്. 1971-ൽ നിയമസഭ കണ്ണൻ ദേവൻ ഭൂ നിയമം പാസ്സാക്കുകയും മൂന്നാറിലെ 1,27,000 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുക്കുകയും ചെയ്തു. ഞങ്ങളൊക്കെ എന്തു ചെയ്തു എന്ന് അദ്ദേഹം ഒരു ചോദ്യം ചോദിച്ചു. ആ ചോദ്യത്തിന് ഞാൻ ഉത്തരം പറയുന്നില്ല. നമുക്കെല്ലാവർക്കും അങ്ങോട്ടുമിങ്ങോട്ടും നോക്കി ഉത്തരം കണ്ടെത്താം. കണ്ണൻദേവൻ ഹിൽസ് ടാറ്റയ്ക്ക് പാട്ടത്തിന് കൊടുത്തത് 57,000 ഏക്കർ സ്ഥലമാണ്. സർക്കാരിന് 70,000 ഏക്കർ ഭൂമിയുണ്ട്. ആ 70,000 ഏക്കറിനകത്ത് 28,000 ഏക്കർ വിവിധ സർവ്വേ നമ്പറുകളിലായി ചിതറിക്കിടക്കുകയാണ്. സാറ്റലൈറ്റ് സർവ്വേ നടത്തി. ഇതെല്ലാം ശരിയാക്കും എന്നാണ് പറഞ്ഞത്. എന്തായി നമ്മുടെ സാറ്റലൈറ്റ് സർവ്വേ ? നമ്മുടെ ജീവിത കാലത്ത് സാറ്റലൈറ്റ് സർവ്വേ ഒന്ന് കണ്ടതിനുശേഷം നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

മരിക്കാൻ പറ്റുമോ ? എവിടെ പോയാണ് നിൽക്കുന്നത്. നാലു കൊല്ലക്കാലം ഓരോ നിബന്ധനകളും ഉപാധികളും പറഞ്ഞ് തടിതപ്പി പോവുകയാണ്. ഇനിയെങ്കിലും പറയണ്ടേ ? ഈ സർവ്വേ എവിടെപ്പോയി ? മാനുവൽ സർവ്വേക്കുവേണ്ടി അവിടെ കുറച്ച് ആളുകളെ വിട്ടു. പക്ഷേ ആഫീസും പിരിച്ചുവിട്ടു, ആളുകളേയും തിരിച്ചു വിളിച്ചു. കുറച്ച് ആളുകളെ പിന്നീട് വിട്ടു എന്നാണ് എനിക്ക് തോന്നുന്നത്. ബിജു പ്രഭാകരനെ അന്വേഷിക്കുന്നതിനു വേണ്ടി വിട്ടു. എന്നിട്ടും കാര്യങ്ങളൊന്നും നടക്കുന്നില്ല. മൂന്നാർ എന്നു പറയുന്നത് കേരളത്തിലെ ഭൂപരിഷ്ക്കരണങ്ങളുടെ ഏറ്റവും കുറഞ്ഞ വശമായി നിൽക്കുകയാണ്. അതിനെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി അവസാനത്തെ നിമിഷമെങ്കിലും വിനിയോഗിക്കണം. ആഭ്യന്തര വകുപ്പുമന്ത്രി, ഇപ്പോൾ മിനിസ്റ്റർ ഫോർ ജസ്റ്റീസ്, അദ്ദേഹം അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെ ഞാൻ നഖശിഖാന്തം എതിർക്കുകയും ഞാൻ എന്റെ അമെന്റ്മെന്റ് മൂവ് ചെയ്യുകയും ചെയ്യുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പുവിനു വേണ്ടി ശ്രീ. എസ്. രാജേന്ദ്രൻ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ ബില്ലിനെ ഞാൻ അനുകൂലിക്കുന്നു. ഈ സർക്കാരിനെ എത്ര നന്ദി പറഞ്ഞാലും പോര എന്ന അഭിപ്രായമാണ് ഞങ്ങൾക്ക്. അതുപോലെ ചരിത്രപരമായ എത്രയോ പ്രധാനപ്പെട്ട കാര്യമാണ് ഗവൺമെന്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ബ്രിട്ടീഷ് ഭരണത്തിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും മൂന്നാറിൽ നിലനിൽക്കുന്നു. മൂന്നാറിൽ സ്വാതന്ത്ര്യം പ്രഖ്യാപിക്കുക, സ്വാതന്ത്ര്യം കൊണ്ടുവരിക, ആ ജനതയൊന്ന് ശ്വാസം നേരെ വിടുക എന്നുള്ള യാഥാർത്ഥ്യത്തിന് ഈ ബിൽ ഉപകരിക്കും . അതുപോലെ തന്നെ അനുബന്ധമായുള്ള മറ്റു രണ്ട് ബില്ലുകളും കൂടി കൊണ്ടുവന്നെങ്കിലേ ശാശ്വതമായ പരിഹാരമുണ്ടാകുകയുള്ളൂ എന്നുള്ളത് വസ്തുതയാണ്. ഇവിടെ പറഞ്ഞതു പോലെ "വാൻ നോക്കി വാഴും ഉലകെല്ലാം മന്നവൻ കോൽനോക്കി വാഴും കൂടി" തിരുവള്ളുവർ പറഞ്ഞതാണ്. അന്തരീക്ഷത്തിലും അതിന്റെ പ്രതീക്ഷയോടുകൂടി ജീവിക്കുന്ന ജനതയ്ക്ക് നിയമപരമായും ന്യായമായും നീതിയുക്തമായും ഒരു സർക്കാർ നൽകേണ്ട ഒരു പ്രധാനപ്പെട്ട സഹായമാണ് ഈ ബില്ലിലൂടെ വരുന്നത്. ഞാൻ അത്തരം കാര്യങ്ങളിലേക്ക് കടക്കുന്നില്ല. പക്ഷേ കഴിഞ്ഞ ബില്ലിലും ഞാൻ പറഞ്ഞിരുന്നു. ഇവിടെ എല്ലാവരും വീണ്ടും വീണ്ടും ആവർത്തിക്കുന്ന ഒരു കാര്യമുണ്ട്. സർക്കാർ ഭൂമിയിൽ ഒരു കമ്പനി നികുതി പിരിക്കുക അല്ലെങ്കിൽ കരം സ്വീകരിക്കുക. നിലവിൽ സർക്കാർ പട്ടയം നൽകുന്നതുപോലെ തന്നെ ഒരു കമ്പനി പട്ടയം കൊടുക്കുക, ഇത് അറിയാവുന്ന ഭരണ സംവിധാനത്തിൽ ഉയർന്ന നിലവാരത്തിലുള്ള മന്ത്രിമാരായിട്ടുള്ളവർക്കോ അല്ലെങ്കിൽ ഇപ്പോൾ പ്രധാന സ്ഥാനത്ത് തുടരുന്നവർക്കോ ബഹുമാനപ്പെട്ട കോടതിയുമായി ബന്ധപ്പെട്ടവർക്കോ ഇത്തരത്തിലുള്ള ആളുകളെ സ്വാധീനിച്ച് കമ്പനിയുടെ നിലനിൽപ്പിനെ എന്തും ചെയ്യുക എന്നുള്ള ഒരു സ്ഥിതിഗതിയാണ് മൂന്നാറിൽ നിലനിൽക്കുന്നത്. അതു

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് തന്നെയാണ് മൂന്നാർ പട്ടണത്തിൽ പച്ചക്കറി മാർക്കറ്റിൽ സമയം നിശ്ചയിച്ചിട്ടുള്ളത്. അവരോട് കരം സ്വീകരിക്കുന്നത്, കടകളിൽ പോയി കരം സ്വീകരിക്കുന്നത്, എന്നുമാത്രമല്ല 1,27,000 ഏക്കറിൽ ഒന്നുരണ്ട് നോട്ടിഫിക്കേഷനിൽ ഏരിയ ഒഴികെ പൂർണ്ണമായും കമ്പനിയുടെ അധീനതയിലാണ് ഈ വസ്തുത നിലനിൽക്കെ ഇവിടെ ബില്ലിൽ പറഞ്ഞിട്ടുള്ളതുപോലെ തന്നെ കയ്യേറ്റത്തിന്റേതായുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാനും ആരാണ് അവിടെ കയ്യേറ്റക്കാർ എന്നുള്ളതിനുള്ള പ്രസക്തിയാണ് വാസ്തവത്തിൽ ട്രിബ്യൂണൽ വരുന്നതോടുകൂടി പുറത്തേക്ക് വരാൻ പോകുന്നത്. ഇവിടെ കമ്പനിയുടെ അവകാശത്തെ സംബന്ധിച്ച് പൂർണ്ണമായും മനസ്സിലാക്കിയിട്ടുള്ളവർ പോലും കമ്പനിക്ക് അനുകൂലമായ സമീപനം സ്വീകരിക്കുന്നു എന്നുള്ളതാണ് പ്രശ്നം. മൂന്നാർ പ്രദേശത്ത് വൻതോതിൽ ഭൂമി കയ്യേറ്റവും ഭൂമി പതിച്ചുകൊടുത്ത ആവശ്യങ്ങൾക്ക് അല്ലാതെ ഉപയോഗിക്കുന്നതും, ഭൂമി പതിച്ച് നൽകിയിട്ടുള്ള അന്നത്തെ കാലഘട്ടത്തിലെ ബ്രിട്ടീഷ് ആധിപത്യവും നിലനിൽക്കുന്ന ഒരു മൂന്നാർ, സ്വതന്ത്ര ഇൻഡ്യയിൽ, അല്ലെങ്കിൽ കേരളത്തിൽ ഇപ്പോഴും നിലനിൽക്കുന്നു എന്നതാണ് വളരെ സങ്കടകരമായ കാര്യം. ആ പ്രദേശത്ത് ഏതാണ്ട് പതിനായിരക്കണക്കിന് വരുന്ന തോട്ടം തൊഴിലാളികളും അവരുടെ പിൻഗാമികളും, അനുബന്ധ തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവർ എല്ലാവരും ഇന്ന് കമ്പനിയുടെ നിയന്ത്രണത്തിലാണ്. അവിടേക്ക് വരുന്ന ബഹുമാനപ്പെട്ട കോടതിയിലെ ജഡ്ജിമാർ അല്ലെങ്കിൽ ഉയർന്ന ഉത്തരവാദപ്പെട്ട ആളുകളെപ്പോലും നിയന്ത്രിക്കുവാൻ ശേഷിയുള്ള കമ്പനി, ബ്രിട്ടീഷുകാരന്റെ കാലത്ത് നിയമപരമായി അവർക്ക് ലഭ്യമായിട്ടുള്ള ഭൂമിയുടെ അവകാശം നിലനിൽക്കെ എന്തെല്ലാം വാദഗതികൾ ഉയർത്തിയാലും ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചു എന്നുള്ളത് ആ പ്രദേശത്തെ ജനങ്ങൾക്ക് ബോദ്ധ്യപ്പെടുവാൻ കഴിയാത്ത സാഹചര്യത്തിലാണ് കമ്പനിയുടെ ഇന്നത്തെ പ്രവർത്തനങ്ങൾ നിലനിൽക്കുന്നത് എന്നത് യാഥാർത്ഥ്യമാണ്. കയ്യേറ്റത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞു കഴിഞ്ഞതവണ ഞാൻ ഇതേ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്തപ്പോൾ പറഞ്ഞു കമ്പനി ഭൂമി കയ്യേറിയിട്ടുണ്ടോ എന്നുള്ളത് പരിശോധിക്കുവാൻ വേണ്ടി നിയമിച്ചിട്ടുള്ള ഒട്ടനവധി കമ്മിറ്റികളുണ്ട്. എക്സപെർട്ട് കമ്മിറ്റി, രാജൻ മധേക്കർ കമ്മിറ്റി, സെൻ കുമാർ കമ്മിറ്റി, ദേവസ്യ കമ്മിറ്റി, നിവേതിദാ പി. ഹരൻ അവസാനം തോട്ടം തൊഴിലാളികൾക്ക് ഭൂമി നൽകിയപ്പോൾ അവിടത്തെ എം.പി.യും കേന്ദ്ര സർക്കാരും ഇടപെട്ട് കൊണ്ടുവന്ന, സെൻട്രൽ എക്സ്പെർട്ട് കമ്മിറ്റി. ഈ കമ്മിറ്റികൾ എല്ലാം പറയുന്നത് ഏതാനും കുറച്ച് ആളുകൾ ഭൂമി കയ്യേറിയിരിക്കുന്നു എന്നുള്ള നിലയിലാണ്. അത് ഗവൺമെന്റ് അംഗീകരിക്കരുത് എന്നും അതിലെ വസ്തുതകൾ വാസ്തവത്തിൽ ഒഴിവാക്കപ്പെട്ടിട്ടുണ്ട് എന്നും ആവർത്തിച്ചപ്പോൾ എന്റെ പ്രിയപ്പെട്ട ചില സുഹൃത്തുക്കൾ പറഞ്ഞു. രാജേന്ദ്രൻ അടക്കമുള്ള ആളുകളുടെ പേര് പരാമർശിച്ചതുകൊണ്ടും അവിടത്തെ പ്രാദേശികമായിട്ടുള്ള രാഷ്ട്രീയ പാർട്ടികളുടെ ആഫീസിൽ നിലനിൽക്കുന്നതുകൊണ്ടുമാണ് ഈ കമ്മിറ്റിയുടെ അഭിപ്രായങ്ങൾ ഒഴിവാക്കാം എന്ന് ആവശ്യപ്പെടുന്നത് എന്നുള്ള നിലയിൽ ഇവിടെ പറയുകയുണ്ടായി. പക്ഷെ ഞാൻ വെറുതേ പറയുന്നതല്ല.

LIBRARY ARCHIVES Kerala Legislative Assembly

അവസാനമായി വന്നിട്ടുള്ള എക്സ്പെർട്ട് കമ്മിറ്റിയുടെ കാര്യം പറയാം. ഈ ഗവൺമെന്റ് ചെയ്തിരിക്കുന്ന ഏറ്റവും നല്ല കാര്യം ഇത്രയും വർഷങ്ങൾക്കു ശേഷം മൂവായിരം തോട്ടം തൊഴിലാളികൾക്ക് പത്ത് സെന്റ് വീതമെങ്കിലും ഭൂമി കൊടുക്കുവാൻ തയ്യാറായി, കൊടുക്കുകയും ചെയ്തു. അവർ അവിടെ ചെറുതും വലുതുമായ കുടിലുകൾ കെട്ടി ചെറിയ രീതിയിലെങ്കിലും കൃഷി ആരംഭിച്ചുതുടങ്ങി. അങ്ങനെ പ്രവൃത്തി തുടങ്ങിയിരിക്കുന്ന സന്ദർഭത്തിലാണ് സെൻട്രൽ കമ്മിറ്റി അവിടെ വരികയും ഫോറസ്റ്റിന്റെ അടുക്കമുള്ള ആളുകൾ അവിടെ എത്തിച്ചേരുകയും അത് വനഭൂമിയാണെന്ന് പറയുകയും ചെയ്തത്. അവരോട് ഞാനും ജില്ലാ കളക്ടർ അടക്കമുള്ള ആളുകളും ഇതിനുമുമ്പ് ഉണ്ടായിട്ടുള്ള കയ്യേറ്റത്തെ സംബന്ധിച്ചും ഇപ്പോൾ നടക്കുന്നത് സംബന്ധിച്ചും ചൂണ്ടിക്കാണിച്ചു. അപ്പോൾ സെൻട്രൽ ഗവൺമെന്റ് അയച്ച കമ്മിറ്റി റിപ്പോർട്ടിനകത്ത് പരാമർശിച്ചിരിക്കുന്നു "This area also has a steep 'Karuthal' and has all the physical articles of the forest, like the area surrounding it. It is adjacent to an important stream." കമ്പനി കയ്യേറിയെന്നു പറയുന്ന കുറ്റ്യാർ വാലി പ്രദേശത്ത് ചോലവനം നശിപ്പിച്ചു എന്നുപറയുന്നത് അവിടെ ഉണ്ടായിട്ടില്ല എന്നുള്ള നിലയിലേക്ക് പരാമർശിക്കുകയും അത് സംരക്ഷിക്കാൻ ആവശ്യമായ നടപടിയുണ്ടാകണം എന്ന് ആവർത്തിച്ച് പറയുകയും ചെയ്യുന്ന അതേ കമ്പനിയാണ് യാതൊരു കയ്യേറ്റവും അവിടെ നടത്തിയിട്ടില്ല എന്ന് പറയുന്നത്. പക്ഷെ ചോലവനങ്ങൾ വെട്ടി നശിപ്പിക്കുകയും അവിടെ ടീ പ്ലാന്റേഷൻ തുടങ്ങിയിട്ടുണ്ട് എന്ന പരാമർശങ്ങൾ ഇന്നും ഇന്നലേയും ഉണ്ടായതല്ല. 1974-ലെ ലാന്റ് ബോർഡ് അവാർഡ് അനുസരിച്ച് വന്നിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവിടെ പറയുന്നു 'M/s. Tata Tea Company to finish the draft management plan for fuel wood plantation at M/s. Tata Tea Ltd.' ഈ മാനേജ്മെന്റ് പ്ലാൻ അനുസരിച്ച് അത് ചെയ്തിട്ടില്ലെന്ന് പൂർണ്ണമായും ഈ പാരഗ്രാഫിൽ പറയുന്നു. അന്നുതന്നെ 20205 ഏക്കർ ഭൂമിയിലാണ് ഫ്യൂവൽ വുഡ് പ്ലാന്റേഷനുവേണ്ടി കമ്പനി ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ 16898.97 ഏക്കർ മാത്രമാണ് ഫ്യൂവലിനുവേണ്ടി അന്ന് നിജപ്പെടുത്തി തിട്ടപ്പെടുത്തിയിട്ടുള്ളത്. ഇത് 1974-ലാണ്. അതിനുശേഷം ഉണ്ടായിട്ടുള്ള ഭൂമി കയ്യേറ്റങ്ങളെ സംബന്ധിച്ചാണ് ഇപ്പോൾ ഒരുപാട് വാദഗതികൾ നടന്നിട്ടുള്ളത്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം മൂന്നാറിൽ ടാറ്റ ഒരു സമാന്തര ഗവൺമെന്റ് പ്രവർത്തിക്കുന്നതുപോലെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ്. ഒന്ന്, മൂന്നാറും പരിസര പ്രദേശവും ഇപ്പോൾ നിലവിൽ ടാറ്റ കയ്യടക്കിവയ്ക്കുകയും, നികുതി പിരിക്കുകയും, തറ വാടക പിരിക്കുകയും, മറുപാട്ടം കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. രണ്ടാമത്, അവർ സർക്കാരിൽ നിന്നും പാട്ടത്തിന് എടുത്തിരിക്കുന്ന ഭൂമി ഗവൺമെന്റ് പട്ടയം കൊടുക്കുന്നതുപോലെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് മൂന്നാറിൽ പട്ടയം നൽകിയിട്ടുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത്തരം കേസുകൾ അന്വേഷണ പരിധിയിൽ വന്നിട്ടുണ്ടോ, ഇത്തരത്തിൽ അപ്പുറത്തുനിന്ന്

LIBRARY ARCHIVES Kerala Legislative Assembly

സംസാരിക്കുന്നവർ ഇങ്ങനെ ചെയ്ത ടാറ്റായെപ്പറ്റി ഒരക്ഷരം പോലും പറയുന്നില്ല എന്നുള്ളത് വളരെ പ്രസക്തമാണ്. മുൻ എം.എൽ.എ. ശ്രീ.എ.കെ. മണി ഇതിന്റെയെല്ലാം സംരക്ഷകനായിട്ട് അവിടെ നിൽക്കുക ആണെന്നുള്ള വിവരം അങ്ങേക്കറിയാമോ ?

ശ്രീ. എസ്. രാജേന്ദ്രൻ : അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രസക്തമായ പോയിന്റുകളാണ്. അവിടെ കമ്പനിക്ക് പട്ടയം നൽകുവാൻ നിയമസാധുതയുണ്ടോ എന്നുള്ളതാണ് പ്രശ്നം. രവീന്ദ്രൻ പട്ടയമുണ്ട്, അത് തഹസീൽദാരാണ് നൽകുന്നത്. സർക്കാർ നിശ്ചയിച്ചുകൊടുത്തിട്ടുള്ളതാണ്. അങ്ങനെ സർക്കാർ ഉദ്യോഗസ്ഥന്മാർ നിശ്ചയിച്ച് കൊടുത്തിട്ടുള്ള പട്ടയത്തിനു പോലും ബോഗസ് പട്ടയം എന്ന് മീഡിയ അടക്കം പ്രചരണം നടത്തിയിട്ടുള്ള സന്ദർഭത്തിൽ ടാറ്റ കൊടുത്തിട്ടുള്ള പട്ടയത്തെ സംബന്ധിച്ച് നാളിതുവരെ യു.ഡി.എഫ്.-ന്റെ ഭാഗത്തുനിന്നും ആരും ഇന്നുവരെ പറഞ്ഞിട്ടില്ല എന്നുള്ളതാണ്.

ശ്രീ. അൽഫോൺസ് കണ്ണന്താനം : അങ്ങ് പറയുന്നത് ശരിയല്ല, കാരണം 1982-ൽ അന്നത്തെ സബ് കളക്ടർ ടാറ്റ അസൈൻ ചെയ്തിരിക്കുന്ന സ്ഥലം തെറ്റാണെന്നും അത് സ്റ്റേ ചെയ്തുകൊണ്ട് ഓർഡർ കൊടുത്തതിനെതിരെ ഹൈക്കോടതിയിലും സുപ്രീം കോടതിയിലുംവരെ പോകുകയും ചെയ്തിട്ടുണ്ട്. അപ്പോൾ ആരും പറഞ്ഞില്ല എന്ന് പറയരുത്.

ശ്രീ. എസ്. രാജേന്ദ്രൻ : നന്നായി. കഴിഞ്ഞ പ്രസംഗത്തിൽ ഞാൻ ചൂണ്ടിക്കാണിച്ചതാണ്. ബഹുമാനപ്പെട്ട അംഗം അവിടെ സബ് കളക്ടറായിരുന്ന സന്ദർഭത്തിൽ അദ്ദേഹം നോട്ടീസ് കൊടുക്കുകയും കമ്പനിയുടെ ഇത്തരത്തിലുള്ള കയ്യേറ്റങ്ങളെ അന്ന് തടയാൻ വേണ്ടിയിട്ടുള്ള ശ്രമങ്ങൾ നടത്തിയിട്ടുള്ളതുമാണ്. അതിനുമുമ്പും 1973-ലും ഒരു സബ്കളക്ടർ ഇതുപോലെ കമ്പനിക്ക് നോട്ടീസ് നൽകിയിട്ടുള്ളതാണ്. ഞാൻ പറഞ്ഞുവന്നത് ടാറ്റ കമ്പനിക്ക് എന്തുമാകാം, എവിടേയും ഭൂമി പതിച്ചുകൊടുക്കാം, ആർക്കും കൊടുക്കാം, എവിടെ വേണമെങ്കിലും നികുതി പിരിക്കാം, കരം സ്വീകരിക്കാം എന്തുമാകാം. പക്ഷെ അവിടെ ലാന്റ് ബോർഡ് അവാർഡ് അനുസരിച്ച് പാരഗ്രാഫ് 35-ൽ പറഞ്ഞിട്ടുള്ളതുപോലെ അനുബന്ധമായി ജീവിക്കുന്ന തൊഴിലാളികളായിട്ടുള്ളവർക്ക് അവിടെതാമസിക്കുവാൻ എൽ.ഡി.എഫ്. ഗവൺമെന്റ് പത്ത് സെന്റ് ഭൂമി കൊടുക്കണമെന്ന് തീരുമാനിച്ച് അവിടെ ചെന്നപ്പോഴാണ് കമ്പനി ഹൈക്കോടതിയിൽ കേസിന് പോകുകയും കമ്പനിയുടേതായുള്ള അവകാശങ്ങൾ സംരക്ഷിക്കുവാനും എന്നാൽ സർക്കാർ ഭൂമിയിൽ പ്രവർത്തനം തുടങ്ങരുത് എന്നുള്ള നിലയിലേക്ക് നിലപാട് എടുക്കുകയും ചെയ്തിട്ടുള്ള സന്ദർഭങ്ങൾ ഉണ്ടായിട്ടുള്ളത്. ഇവിടെ പ്രത്യേകം ശ്രദ്ധിക്കേണ്ടത് ഇതാണ്. ഇവിടെ ബഹുമാനപ്പെട്ട ജി. കാർത്തികേയൻ ചൂണ്ടിക്കാണിച്ചു ഇത്ര വലിയ കോടതി സംവിധാനങ്ങൾ നിലനിൽക്കുന്ന സന്ദർഭത്തിൽ, എന്തുകൊണ്ട് ട്രിബ്യൂണൽ കൊണ്ട് വരുന്നതെന്ന് ബഹുമാനപ്പെട്ട കോടതി നാളിതുവരെ ഉപയോഗപ്പെടുത്തിയിട്ടുള്ള മുഴുവൻ സാദ്ധ്യതകളും കമ്പനിക്ക് അനുകൂലമായി വന്നിട്ടുള്ള സന്ദർഭങ്ങളാണ്. ഗവൺമെന്റിന്റെ ലീസ് ഭൂമിയാണ്. ലീസ് ഭൂമി ഒരു കമ്പനിക്ക് കൊടുത്തു. അതിനനുസൃതമായി

LIBRARY ARCHIVES Kerala Legislative Assembly

1973-ലും 1974-ലും ലാന്റ് ബോർഡ് അവാർഡ് അനുസരിച്ച് എത്തിച്ചേർന്നിട്ടുള്ളത് നോക്കിയാൽ ഗവൺമെന്റിനാണ് പൂർണ്ണമായ അധികാരവും അവകാശവും. അങ്ങനെ കമ്പനിക്ക് വേറെ പ്രത്യേകമായി അവകാശം ഇല്ല എന്നുണ്ടെങ്കിൽ പോലും കോടതി എപ്പോഴും ആവർത്തിക്കുന്നത് ബ്രിട്ടീഷുകാരന്റെ കാലത്ത്, അവർക്ക് നൽകിയിട്ടുള്ള അവകാശം നിലനിൽക്കുകയാണെന്നുള്ള അർത്ഥത്തിലേക്ക് ബഹുമാനപ്പെട്ട കോടതിപോലും എത്തിച്ചേർന്നതും അവസാനഘട്ടത്തിൽ മൂന്നാറിന് പ്രത്യേക ബിൽ അനുസരിച്ച് ഭൂമി ഏറ്റെടുക്കലിനായി 2010-ൽ വരുന്ന ബില്ലിനെപ്പോലും താൽക്കാലികമായി സ്റ്റേ ചെയ്തിട്ടില്ലെങ്കിൽ പോലും പ്രവൃത്തി തുടങ്ങരുത് എന്ന് ആവശ്യപ്പെടുകയും എന്നാൽ കമ്പനിയുടെ പൂർണ്ണമായ അവകാശം നിലനിർത്തുവാൻ ഉത്തരവ് നൽകുകയും സെപ്റ്റംബർ രണ്ടിലേക്ക് ഈ കേസ് അഡ്ജേൺ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കോടതിപോലും ബ്രിട്ടീഷുകാരന്റെ കാലത്ത് തുടങ്ങിയ അതേ സ്ഥിതിഗതിയിലേക്ക് പോയി. തുടർന്ന് ഈ സന്ദർഭം ആ പ്രദേശത്തെ ജനങ്ങളെ പ്രതികൂലമായി ബാധിച്ചു. പഞ്ചായത്തുകളുടെയും സർക്കാരിന്റെയും പ്രവർത്തനഫലമായി ഒരു സെന്റ് ഭൂമി വേണമെങ്കിൽപ്പോലും കമ്പനിയുടെ മുമ്പിൽ ഇപ്പോഴും ചെന്ന് നിൽക്കണമെന്നുള്ളതാണ് അവർ ആവശ്യപ്പെടുന്ന തരത്തിൽ പ്രവർത്തി തുടരുകയും ചെയ്യുകയാണ്. അതിന് ഒരു അറുതി വരുത്താനും അത് അവസാനിപ്പിച്ചുകൊണ്ട് ആ പ്രദേശത്തേക്ക് കമ്പനിയുടേതായുള്ള അടിമത്തമായുള്ള ജീവിതം മാറ്റിയെടുക്കണമെങ്കിൽ തീർച്ചയായും ആ പ്രദേശത്തെ ജനങ്ങളെ സഹായിക്കുവാൻ ഇത്തരത്തിലുള്ള ബില്ല് പാസ്സാകേണ്ടതുണ്ട്. അതുപോലെ തന്നെ 1974-ലെ ലാന്റ് ബോർഡ് അവാർഡിനുമുമ്പ് കമ്പനി ചില അഷ്വറൻസ് കൊടുത്തിരുന്നു, എത്രയാണ് അവരുടെ ജനസംഖ്യ എന്ന്. അന്ന് പറഞ്ഞിരുന്നു 17000 പെർമനന്റ് തൊഴിലാളികൾ, 4000 ടെമ്പററി തൊഴിലാളികൾ, 950 മാനേജർമാർ, 27 ഹോസ്പിറ്റലുകൾ, 3 ഡിസ്പെൻസറികൾ, 50 കാന്റീൻസ്, 80 ക്രഷസ്, 75 സ്കൂളുകൾ. കന്നുകാലികളെ വളർത്താൻ വേണ്ടി 6950 പേരും അവർ വളർത്തുന്ന കന്നുകാലികളും.

ഇന്ന് കന്നുകാലി വളർത്താൻ അനുവാദമില്ല. 75 സ്കൂളുകൾ ഇപ്പോൾ 25 ആയി ചുരുങ്ങി. ഇപ്പോൾ ഗവൺമെന്റ് 75 ക്രഷസ് വേറെ കൊടുത്തു. കാന്റീൻ നിലനിൽക്കുന്നു. മൂന്ന് ഡിസ്പെൻസറി എന്നുപറയുന്നത് ചുരുങ്ങി. 27 ഹോസ്പിറ്റലുകളും ചുരുങ്ങി. പണ്ട് മെറ്റേർണിറ്റി ഫീസ് ഫ്രീയായിട്ടാണ് അവിടത്തെ സ്ത്രീ തൊഴിലാളികൾക്ക് കൊടുത്തുകൊണ്ടിരുന്നത് എങ്കിൽ ഇന്ന് 12,000 രൂപ വരെ മെറ്റേർണിറ്റി ഫീസായി അവിടത്തെ സ്ത്രീ തൊഴിലാളികളിൽ നിന്ന് ഈടാക്കുന്ന സ്ഥിതിയുണ്ട്. ഗവൺമെന്റ് ഇത്രയും സൗകര്യങ്ങളും സഹായങ്ങളും ടാക്സ് എക്സംഷൻ അടക്കം അവർക്ക് ലഭ്യമാക്കുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ ഇത്തരം ക്ഷേമപ്രവർത്തനങ്ങളിൽ കമ്പനി കാട്ടുന്ന അലംഭാവവും കമ്പനി അവരെ ഒഴിവാക്കുന്ന സാഹചര്യവും വന്നതിനുശേഷവും ഗവൺമെന്റ് അന്ന് കൊടുത്ത അതേ സഹായങ്ങൾ, അന്ന് സംരക്ഷിച്ചതുപോലെതന്നെ ഇന്നും സംരക്ഷിക്കപ്പെടുന്നു എന്നുള്ള വസ്തുതയാണ് നിലനിൽക്കുന്നത്. മൂന്നാർ പട്ടണത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്കുവേണ്ടി കച്ചവടം നടത്താൻ എത്തിച്ചേർന്ന കച്ചവടക്കാരുടെ സ്ഥാപനങ്ങൾ സ്ഥിതിചെയ്യുന്നത് അര സെന്റിലും മുക്കാൽ സെന്റിലും ഒരു സെന്റിലുമാണ്, അതിന് പട്ടയം കൊടുക്കണം. ബില്ലിൽ പറഞ്ഞിരിക്കുന്നതു പോലെതന്നെ വീണ്ടെടുക്കൽ വഴി 1073 ഏക്കർ ഭൂമി ഗവൺമെന്റ് ഏറ്റെടുക്കാനുള്ള സാഹചര്യമുണ്ടാകണം. അതുപോലെതന്നെ അവിടെ വിനോദസഞ്ചാര മേഖലയായി വരുന്ന സന്ദർഭത്തിൽ ആ മേഖല വികസിക്കും. അവിടെ ഒരുപാട് കെട്ടിടങ്ങൾ വന്നതുകൊണ്ട് കാലാവസ്ഥയിൽ മാറ്റംവന്നു എന്ന് അപ്പുറത്തുനിന്ന് ചൂണ്ടിക്കാണിച്ചു. ഞാൻ ഇവിടെ പറഞ്ഞതുപോലെ തോട്ടം തൊഴിലാളികളുടെ എണ്ണം പകുതിയായി. ആ പ്രദേശത്തെ ആളുകൾക്ക് ഇപ്പോൾ ഭൂമി കിട്ടിയിട്ടുണ്ടെങ്കിലും അവർ തോട്ടം തൊഴിലാളികളായി വന്നവരാണ്. അവിടെ താമസിക്കുന്ന ആളുകൾ സ്വന്തം വീട്ടിൽ താമസിക്കുന്നതുപോലെയാണ്, അത്രയേയുള്ളൂ. അതുകൊണ്ട് അവിടെ കാലാവസ്ഥയിൽ മാറ്റം വന്നു എന്നുപറയുന്നത് വിശ്വസിക്കാൻ കഴിയുന്നില്ല. ഇങ്ങനെ വരുന്ന പ്രചരണങ്ങളെല്ലാം, മൂന്നാർ പ്രദേശത്തിന് ഗുണകരമല്ലാതാക്കിത്തീർക്കാനും കമ്പനിയുടെ ആധിപത്യം നിലനിർത്താനും സഹായകമായ രീതിയിലാണ്. അതുകൊണ്ട് ഇതിൽനിന്നെല്ലാം ആ പ്രദേശത്തെ സംരക്ഷിക്കുവാനും 1971-ലെ ആക്ട് അനുസരിച്ചും 1974-ലെ ലാന്റ് ബോർഡ് ആക്ട് അനുസരിച്ചും അതിനുശേഷം കണ്ടെത്തിയിട്ടുള്ള കണ്ടെത്തലുകൾ അനുസരിച്ചും കമ്പനി എൻക്രോച്ചർ അല്ലെന്നു പറയുന്ന വസ്തുതകൾ, ശരിയല്ലെന്ന് ബോദ്ധ്യപ്പെട്ടുകൊണ്ട് വൻതോതിൽ കൈയേറ്റം അല്ലെങ്കിൽ കൈവശം വച്ച് ഉപയോഗിക്കുന്ന നിലയിൽ കമ്പനിയുടെ ഭാഗത്ത് ഭൂമിയുണ്ടെന്നും തോട്ടം തൊഴിലാളികൾക്കും ആ പ്രദേശത്തിലെ ആളുകളുടെ അവകാശം നിലനിർത്താനുള്ള എല്ലാ നിയമപരമായിട്ടുള്ള സംരക്ഷണവും നൽകാൻ ഈ ബില്ലിലൂടെ കഴിയുമെന്നുള്ള ഞങ്ങളുടെ പ്രതീക്ഷ നിലനിർത്താൻ ഈ ബിൽ പാസ്സാകണമെന്നുതന്നെയാണ് ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ട് പൂർണ്ണമായും ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജി. കാർത്തികേയൻ സബ്ജക്ട് കമ്മിറ്റി തീരുമാനത്തോട് വിയോജിച്ചുകൊണ്ട് ഒരു വിയോജനക്കുറിപ്പ് നൽകുകയും അതുസംബന്ധിച്ച് അദ്ദേഹം ചില നിരീക്ഷണങ്ങൾ ഇവിടെ നടത്തുകയും ചെയ്തിട്ടുണ്ട്. അതിൽ പ്രധാനമായി അദ്ദേഹം ഉന്നയിച്ചിട്ടുള്ള ഒരു പ്രശ്നം ഇവിടെ ഇത്തരത്തിൽ ഒരു ട്രിബ്യൂണലിന്റെ ആവശ്യമില്ല പകരം ഒരു ഫാസ്റ്റ് ട്രാക്ക് കോടതിയല്ലേ നല്ലതെന്നുള്ളതാണ്. മറ്റ് കോടതികളിൽ നിലവിലുള്ള കേസ് വളരെവേഗം തീർപ്പുകൽപ്പിക്കുന്നതിനുവേണ്ടി ഫാസ്റ്റ് ട്രാക്ക് കോടതിയിലേക്ക് കൈമാറുന്നതിനുവേണ്ടിയാണ് ഹൈക്കോടതി ഫാസ്റ്റ് ട്രാക്ക് കോടതികൾ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇവിടെ അതിൽനിന്ന് വ്യത്യസ്തമായി കളക്ടർ, തഹൽസീൽദാർ, വില്ലേജാഫീസർ തുടങ്ങിയ

LIBRARY ARCHIVES Kerala Legislative Assembly

നിരവധി അധികാര സ്ഥാനങ്ങളുടെ മുമ്പിലുള്ള കേസ്സുകൾ, ഈ ഫാസ്റ്റ് ട്രാക്ക് കോടതിയിലേക്ക് കൈമാറ്റം ചെയ്യുവാൻ സാധിക്കുകയില്ല. ആ പ്രദേശത്ത് നിലവിലുള്ള നിരവധി തർക്കപ്രശ്നങ്ങൾക്ക് വേഗം തീർപ്പുകൽപ്പിക്കണമെന്നുള്ളതുകൊണ്ടാണ് ഇത്തരത്തിൽ ഒരു ട്രിബ്യൂണൽ രൂപീകരിക്കണമെന്നുള്ള ആശയം ഉയർന്നുവന്നത്. യഥാർത്ഥത്തിൽ ഇത് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വന്നൊരു നിർദ്ദേശമല്ല. മൂന്നാറിൽ നടന്ന വിവിധ കൈയേറ്റവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസ് കേട്ടുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ 5-3-2010-ന് ഒരു സ്പെഷ്യൽ ട്രൈബ്യൂണൽ സർക്കാരിന് രൂപീകരിച്ചുകൂടെ എന്നും അങ്ങനെ രൂപീകരിക്കുകയാണെങ്കിൽ സമയബന്ധിതമായി ഈ തർക്ക പ്രശ്നങ്ങളെല്ലാം പരിഹരിക്കാൻ കഴിയുമെന്നും, സർക്കാർ ഇതുസംബന്ധിച്ച് ആലോചിക്കണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി അഭിപ്രായപ്പെട്ടതനുസരിച്ച് കോടതിയിൽ ഹാജരായ അഡീഷണൽ അഡ്വക്കേറ്റ് ജനറൽ സർക്കാരുമായി ബന്ധപ്പെട്ടശേഷം സർക്കാർ ഒരു ട്രിബ്യൂണൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട് എന്ന് കോടതിക്ക് ഉറപ്പു കൊടുക്കുകയും ചെയ്തു. ഇത്തരത്തിൽ ഒരു ട്രൈബ്യൂണൽ രൂപീകരിക്കാൻ ഹൈക്കോടതി തന്നെ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ കണക്കിൽഎടുത്തുകൊണ്ടാണ് ഇത്തരം ഒരു തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുള്ളത്. അവിടെയിപ്പോൾ പല തലങ്ങളിൽനിന്നും കേൾക്കുന്ന വിവിധ കേസ്സുകളുണ്ട്. സിവിൽ കോടതിയിലോ അല്ലെങ്കിൽ കളക്ടറുടെ മുമ്പിലോ തഹൽസീൽദാരുടെ മുമ്പിലോ മറ്റ് അധികാര സ്ഥാനങ്ങൾക്ക് മുമ്പിലോ തീർപ്പാകാതെ കിടക്കുന്ന കേസ്സുകളെല്ലാം ട്രൈബ്യൂണലിലേക്ക് കൈമാറുകയെന്നതാണ് ഈ ബില്ലിൽ ഉദ്ദേശിച്ചിട്ടുള്ളത്. ഇപ്പോൾ ഇത്തരത്തിൽ വിവിധ കോടതികളുടെ മുമ്പിൽ വിവിധ ഫയൽ വിവിധ തലങ്ങളിൽ ഫയൽ ചെയ്തിട്ടുള്ള മുന്നൂറോളം കേസ്സുകളുണ്ട്. അപ്പോൾ വിവിധതലങ്ങളിലുള്ള ഈ മൂന്നൂറോളം കേസ്സുകൾ തീർപ്പുകൽപ്പിക്കാൻ വളരെ കൂടുതൽ സമയമെടുക്കാൻ സാധ്യതയുണ്ട്. ഇപ്പോൾ ഒരു കോടതിയിലുള്ള കേസ് ആ കോടതിതന്നെ കേട്ടാൽപ്പോരെയെന്ന് ചോദിച്ചാൽ, ഒരു കോടതിയെന്നുപറയുന്നത് ഈ ഭൂമി സംബന്ധിച്ച കേസ് മാത്രമല്ല കേൾക്കുന്നത്. വിവിധ കേസ്സുകൾ കേട്ടുക്കൊണ്ടിരിക്കുന്ന കൂട്ടത്തിൽ മാസത്തിലൊരു ദിവസമായിരിക്കും ഇതു കേൾക്കുക. അതിനുപകരം ഈ രൂപീകരിക്കുന്ന ട്രൈബ്യൂണൽ ഈ തർക്ക പ്രശ്നങ്ങൾ മാത്രം കേൾക്കുന്ന ഒരു ട്രൈബ്യൂണൽ ആകുമ്പോൾ നമുക്ക് വേഗം തീർപ്പുകൽപ്പിക്കാൻ സാധിക്കുമെന്ന സദുദ്ദേശമാണ് ഇതിന്റെ പിറകിൽ കുടികൊള്ളുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിനകത്തെ അഞ്ചാം വ്യവസ്ഥയനുസരിച്ച് ഹൈക്കോടതി മുമ്പാകെ നിലനിൽക്കുന്ന ഏതു വ്യവഹാരവും ഈ ആക്ട് പ്രകാരം ന്യായനിർണ്ണയം ചെയ്യാൻ അധികാരപ്പെടുത്തപ്പെട്ട ട്രൈബ്യൂണലിലേക്ക് അന്തിമവിധിക്കായി റഫർ ചെയ്യുന്നതിന് ഹൈക്കോടതിക്ക് അർഹതയുണ്ടായിരിക്കുന്നതാണ് എന്നാണ്. അതാണ് ഒന്നാമത്തേത്. രണ്ട്, ഇതിൽ സിവിൽ കോടതിയുടെ പവേഴ്സും വരികയാണ്. അവർക്ക് സമൻസ് അയയ്ക്കാൻ കഴിയും. ഏതൊരാളിനേയും ഹാജരാകാൻ നിർബന്ധിക്കുകയും അയാളെ സത്യപ്രതിജ്ഞ ചെയ്ത് വിസ്തരിക്കുക, അങ്ങനെ അയാളെ വിസ്തരിക്കുന്നതിന് എല്ലാ അവകാശവും

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുകയാണ്. സത്യവാങ്മൂലം എടുത്ത് സാക്ഷിവിസ്താരം നടത്തുകയാണ്. ചുരുക്കിപ്പറഞ്ഞാൽ ഒരു സിവിൽ കോടതി നടത്താനുള്ള എല്ലാ അധികാരങ്ങളും ഈ ട്രൈബ്യൂണലിന് കൊടുക്കുകയാണ്. അപ്പോൾ അങ്ങ് ഉദ്ദേശിക്കുന്നതു പോലെ ഇപ്പോൾ തഹൽസീൽദാരുടെ കൈയിൽ അല്ലെങ്കിൽ ജില്ലാകളക്ടറുടെ കൈയിൽ ഇരിക്കുന്ന നോൺ ജുഡീഷ്യലായിട്ട് തീരുമാനമെടുക്കേണ്ട കാര്യങ്ങൾ മാത്രമല്ല, ജുഡീഷ്യലായിട്ടുള്ള കേസ്സുകൾ ഇങ്ങോട്ട് ട്രാൻസ്ഫർ ചെയ്തുകൊടുക്കുകയും ഒരു സിവിൽ കോടതിയുടെ അധികാരത്തോടുകൂടി ആ കോടതി തീരുമാനമെടുക്കുകയും ചെയ്യുന്നു എന്നാണ് ഇതിനകത്തെ വ്യവസ്ഥകളിൽനിന്ന് മനസ്സിലാകുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അതു ഞാൻ പറഞ്ഞല്ലോ. സിവിൽ കോടതികൾക്ക് മുമ്പിലുള്ളതും ഇതിനകത്ത് റഫർ ചെയ്യപ്പെടും. ഇപ്പോൾ സിവിൽ കോടതിക്കുമുമ്പിലുള്ള കേസ്, സിവിൽ കോടതി ഒരു കേസ് മാത്രമല്ല കേൾക്കുന്നത്. സിവിൽ കോടതിയുടെ മുമ്പിലുള്ള നാനാവിധമായ കേസ്സുകൾ കേൾക്കുന്ന കൂട്ടത്തിൽ രണ്ടു മാസത്തിലൊരിക്കലോ മൂന്നുമാസത്തിലൊരിക്കലോ ഈ കേസു കൂടി കേൾക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. അതിനുപകരം ഈ കേസ്സുകൾ മാത്രം തീർപ്പുകൽപ്പിക്കാനുള്ള സിവിൽ കോടതിയുടെ അധികാരങ്ങൾ കൂടി ഇതിൽ വ്യക്തമാകുന്നുണ്ട്. അതോടൊപ്പം ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന എല്ലാ കേസ്സുകളും ഇതിനകത്ത് കൈമാറാൻ ഇപ്പോൾ വ്യവസ്ഥയില്ല. ഹൈക്കോടതിക്ക് എന്തെങ്കിലും ഒരു കേസ് സ്വമേധയാ ഇത് ഹൈക്കോടതി കേൾക്കുന്നതിനേക്കാൾ നല്ലത് ഈ ട്രൈബ്യൂണൽ കേട്ടാൽ മതി എന്ന് ഹൈക്കോടതിക്ക് തോന്നുകയാണെങ്കിൽ അത്തരം കേസ്സുകൾ ഹൈക്കോടതിക്ക് റഫർ ചെയ്യാം. അല്ലാതെ ഈ ട്രൈബ്യൂണലിന് ഹൈക്കോടതിയുടെ മുമ്പിലുള്ള ഏതെങ്കിലും കേസ്സുകൾ എടുക്കാനുള്ള അധികാരം ഇല്ല. അത് ഹൈക്കോടതിയിൽ തന്നെ നിക്ഷിപ്തമായിട്ടാണ് അതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബഹുമാനപ്പെട്ട കാർത്തികേയനും ശ്രീ. തിരുവഞ്ചൂരും ഉന്നയിച്ചിട്ടുള്ള ഒരു പ്രശ്നം ഇതിന്റെ ഘടനയെ സംബന്ധിച്ചാണ്. ഇതിന്റെ ചെയർമാൻ എന്നുപറയുന്നത് ഹൈക്കോടതിയുടെ ചീഫ് ജസ്റ്റിസുമായി ആലോചിച്ചുകൊണ്ട് ഒരു ജില്ലാ ജഡ്ജിയെയാണ് നിയമിക്കുന്നത്. അത് ഗവൺമെന്റിന് ഇഷ്ടമുള്ള ഒരാളെ നിശ്ചയിച്ചുകളയുമെന്നുള്ളതാണ്. ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും നല്ല പരിജ്ഞാനമുള്ള ഒരു ജില്ലാ ജഡ്ജി ഇതിൽ വേണമെന്നാണ് ഉദ്ദേശിക്കുന്നത്. ഞങ്ങൾ ഒരു പേരും ഹൈക്കോടതിയുടെ മുമ്പിൽ സജസ്റ്റ് ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. ഹൈക്കോടതിക്ക് എഴുതിക്കഴിഞ്ഞു. ഹൈക്കോടതി അടുത്ത ദിവസം തന്നെ ജില്ലാ ജഡ്ജിയുടെ പേർ അറിയിച്ചുതരും എന്നാണ്. ഞങ്ങൾക്കു കിട്ടിയിട്ടുള്ള റിപ്പോർട്ട് ഒരു പേരും ഞങ്ങൾ ഹൈക്കോടതിയുടെ മുമ്പിൽ സജസ്റ്റ് ചെയ്തിട്ടില്ല. ഏത് പേരാണോ ഹൈക്കോടതി തരുന്നത് ആ പേര് വച്ചു കൊണ്ടുതന്നെ ചെയർമാനെ നിശ്ചയിക്കുന്നതാണ്. .....(ബഹളം).....അങ്ങനെയൊരു വ്യവസ്ഥ സാധാരണഗതിയിലില്ല. ഒരു കാലത്തും തയ്യാറാക്കിയിട്ടുള്ള ഒരു ബില്ലിലും അങ്ങനെയുണ്ടായിട്ടില്ല. അത് വാദത്തിനു വേണ്ടി പറയാമെന്ന് മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഞങ്ങൾ അതിൽ ചോദ്യം ചെയ്യുന്നത് രണ്ടും മൂന്നും വ്യവസ്ഥകളാണ്. ഒന്ന്,ജില്ലാ ജഡ്ജിയായി നിയമിക്കാൻ കാളിഫൈ ചെയ്യുന്ന ഒരു വ്യക്തി, എന്നു പറഞ്ഞാൽ ഏഴ് വർഷത്തെ പ്രാക്ടീസുള്ള ആൾ അങ്ങനെയുള്ള ഒരു വ്യക്തിയെ നമുക്ക് ഇതിനകത്ത് വയ്ക്കാം മാത്രമല്ല, ഇതിനകത്ത് അയോഗ്യതയുടെ ഒരു ക്ലാസും ഇല്ല. നമ്മൾ പറയുന്നു, ഭൂമി കൈയേറ്റം അല്ലെങ്കിൽ Moral Turpitude പോലെയുള്ള കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട വ്യക്തിയെ വയ്ക്കരുത് എന്നെങ്കിലും ഇതിനകത്ത് നിബന്ധന വരണ്ടേ ? ഗവൺമെന്റ് ഇന്നയാളെ വയ്ക്കണമെന്ന് പറഞ്ഞാൽ വയ്ക്കും ഏഴ് വർഷത്തെ പ്രാക്ടീസ് മാത്രം മതി. അത് വളരെ തെറ്റായ രൂപത്തിൽ നാളെ ഉപയോഗിക്കുവാൻ സാദ്ധ്യത യുണ്ടാകുന്നു എന്നുള്ളതാണ് ഞങ്ങൾ പറഞ്ഞ ഒരു വിമർശനം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇതിനകത്തുള്ള ഒരംഗം ഇപ്പോൾ നിലവിലുള്ള ജില്ലാ ജഡ്ജിമാരിൽ ഒരാളാണ്. അത് ഹൈക്കോടതി നിശ്ചയിച്ചിരിക്കുന്ന ആരെങ്കിലുമാകട്ടെ, അത് ചെയർമാൻ മറ്റൊരംഗം റിട്ടയർ ചെയ്തിട്ടുള്ള ജില്ലാ ജഡ്ജി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അതിന് ഏജ് ലിമിറ്റ് വച്ചിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഏജ് ലിമിറ്റ് എന്നു പറഞ്ഞാൽ എഴുന്നേറ്റ് നടക്കാൻ പറ്റാത്ത ആളുകളെയൊന്നും ഏതായാലും കൊണ്ടു വരില്ല മാത്രമല്ല, ജില്ലാ ജഡ്ജിമാർക്ക് റിട്ടയർ ചെയ്യാനുള്ള സമയം ഉണ്ട്. അത്രയും കാലത്തേക്കല്ലേ സാധാരണ ഗതിയിൽ ജുഡീഷ്യൽ രീതിയിൽ പ്രവർത്തിക്കാൻ സാധിക്കൂ അങ്ങനെയൊന്നുമില്ലാത്ത ഒരാളെയൊന്നും സാധാരണഗതിയിൽ നിയമിക്കില്ല നിങ്ങൾക്കു വിശ്വസിക്കാം അങ്ങനെ എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ നിങ്ങൾക്ക് ആ സമയത്ത് ചൂണ്ടിക്കാണിക്കാനും സാധിക്കും.

ശ്രീ. കെ. ബാബു : അങ്ങനെയാണെങ്കിൽ പ്രതിപക്ഷ നേതാവുമായി കൺസൽട്ട് ചെയ്യണമെന്ന ഒരു വ്യവസ്ഥ കൊണ്ടുവരാൻ സാധിക്കുമോ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പല ബില്ലുകളിലും അങ്ങനെയുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രൈബ്യൂണലിനെ നിശ്ചയിക്കുമ്പോൾ ഒരു സ്ഥലത്തും അങ്ങനെയുള്ള വ്യവസ്ഥ ഇതുവരെ ഉൾപ്പെടുത്തിയിട്ടില്ല. മറ്റൊന്ന്, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചോദിച്ചത്, ഇവർക്ക് എന്തെങ്കിലുമൊരു disqualification ഉണ്ടോ ? അത് വ്യക്തമാണ്. ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള ആൾക്ക് ഉണ്ടാകേണ്ട എല്ലാ യോഗ്യതയും ഇയാൾക്ക് ഉണ്ടായിരിക്കണം. ക്രിമിനൽ കേസിൽ പ്രതിയായിട്ടുള്ളതോ നിലവിൽ ഒരു രാഷ്ട്രീയ പാർട്ടി അംഗമായിട്ടുള്ളതോ ആയിട്ടുള്ള ആരെയെങ്കിലും ഇതിലേക്ക് കൊണ്ടുവരാൻ സാധിക്കില്ല . ജില്ലാജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള, ആ യോഗ്യത എന്തെല്ലാമാണോ ആ യോഗ്യതയെല്ലാമുള്ള ഒരാളെ മാത്രമേ ഇതിനകത്ത് നിയമിക്കാൻ സാധിക്കുകയുള്ളൂ എന്നുള്ളതാണ് ഇതിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. അത് വളരെ വ്യക്തമാണ് മൂന്ന് ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

ജഡ്ജിമാരെ എടുത്തുകൂടെ എന്ന് ചോദിച്ചു. ഇപ്പോൾ നിലവിലുള്ള മൂന്ന് ജില്ലാ ജഡ്ജിമാർ, ഒരാളെതന്നെ കിട്ടാൻ ഇപ്പോൾ പ്രയാസമാണ്. ആ സാഹചര്യത്തിൽ മൂന്ന് പേരെ എടുക്കണമെന്ന് പറയുമ്പോൾ സാധാരണ ഗതിയിൽ പ്രായോഗികമല്ല. ഇത് വേഗം തീരുമാനിക്കണമെന്നുള്ളതു കൊണ്ടാണ് അത്തരമൊരു വ്യവസ്ഥ ഉൾകൊള്ളിച്ചിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞങ്ങൾക്ക് ഇതിനകത്തുള്ള ആശങ്ക, ഇതൊരു പൊളിറ്റിക്കൽ അക്കോമഡേഷന് വേണ്ടി വിനിയോഗിക്കാനുള്ള ഒരു വാതിൽ തുറക്കുകയാണ്. രാഷ്ട്രീയ അക്കോമഡേഷനെ ഞങ്ങളൊന്നും എതിർക്കുന്നില്ല. പക്ഷെ ഇതിനകത്ത് നിബന്ധനകൾ വച്ചില്ലെങ്കിൽ ഗവൺമെന്റ് ആഗ്രഹിക്കുന്ന രൂപത്തിൽ ഇതിനൊരു ക്വാളിറ്റി ഉണ്ടാകില്ല. അതാണ് ഞങ്ങളുടെ ആശങ്ക.

ശ്രീ. വി. ഡി. സതീശൻ: ജില്ലാ ജഡ്ജിയാകാനുള്ള യോഗ്യത രണ്ട് രീതിയിലാണ് ഒന്ന് മുൻസിഫ് മജിസ്ട്രേറ്റായി വന്ന് പ്രമോഷൻ വഴി ജില്ലാ ജഡ്ജിയാകാം. രണ്ടാമത്തേത്, ഡയറക്ട് ടെസ്റ്റ് എഴുതി ജില്ലാ ജഡ്ജിയാകാം ഇതിന്റെ യോഗ്യത എന്നു പറയുന്നത്, ഏഴ് വർഷം പ്രാക്ടീസ് നടത്തിയ ഏത് വക്കീലിനുമാകാം രാഷ്ട്രീയ പാർട്ടികളുടെ അനുഭാവികളല്ലേ വക്കീലൻമാരെല്ലാം. ഏത് ഗവൺമെന്റ് വന്നാലും ഇങ്ങനെയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ജില്ലാ ജഡ്ജിയാകാൻ ഇപ്പോൾ എന്തെല്ലാം യോഗ്യതയാണോ വേണ്ടത് ആ യോഗ്യതയെല്ലാമുള്ള ആളെ മാത്രമേ ഇതിനകത്ത് നിശ്ചയിക്കാൻ പാടുള്ളൂ എന്നാണ് ഇതിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്.

ശ്രീ. ജി. കാർത്തികേയൻ: അങ്ങ് ഇടയ്ക്ക് ഒരു കാര്യം പറഞ്ഞു, നാളെ ഏതെങ്കിലും കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ അപ്പോൾ പറഞ്ഞാൽ മതിയെന്ന് അങ്ങയുടെ സംസാരം കേട്ടാൽ വരാൻ പോകുന്ന കാലഘട്ടങ്ങളിലെല്ലാം നിങ്ങളാണ് ഭരിക്കാൻ പോകുന്നതെന്നാണെന്ന് തോന്നുന്നത്. എന്റെ പോയിന്റ്, യു.ഡി.എഫ്. ആണെങ്കിലും എൽ.ഡി.എഫ്. ആണെങ്കിലും ഈ ട്രിബ്യൂണലിൽ അങ്ങനെയൊരു തെറ്റ് വരാൻ പാടില്ലെന്ന അഭിപ്രായമാണ്. ഏത് ഗവൺമെന്റ് വരുമ്പോഴും നിയമമുണ്ടാക്കുമ്പോൾ അതിൽ ക്ലാരിറ്റി വേണം. ആ ക്ലാരിറ്റി ഇവിടെയില്ല . അതാണ് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിനു മുൻപുള്ള ട്രൈബ്യൂണലുകളിലെല്ലാം ഇതുപോലുള്ള വ്യവസ്ഥകൾ തന്നെയാണ് ഉണ്ടായിട്ടുള്ളത്. നിങ്ങളുടെ കാലത്ത് ഉണ്ടാക്കിയ ട്രൈബ്യൂണലിനകത്തും ഇത്തരത്തിലുള്ള വ്യവസ്ഥകൾ തന്നെയാണ് ഉണ്ടായിരുന്നത്. ഇവിടെ ജില്ലാ ജഡ്ജിയായി നിയമിക്കപ്പെടാൻ യോഗ്യതയുള്ള ആളെ ഗവൺമെന്റ് നിയമിച്ചു കഴിഞ്ഞാൽ അത് തെറ്റ്. ഹൈക്കോടതി ഒരാളെ സെലക്ട് ചെയ്താൽ ശരി. ഹൈക്കോടതി ജഡ്ജിമാരെ ഹൈക്കോടതി തന്നെയാണ് നിശ്ചയിക്കുന്നത്. യോഗ്യത സംബന്ധിച്ച് തീരുമാനിച്ച് ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവിടെ കൊളീജിയം കൂടി ഹൈക്കോടതി ജഡ്ജിയെ ഹൈക്കോടതി തന്നെയാണ് തീരുമാനിക്കുന്നത്. സുപ്രീം കോടതി ജഡ്ജിമാരെ സുപ്രീം കോടതി

LIBRARY ARCHIVES Kerala Legislative Assembly

തന്നെയാണ് കൊളീജിയം കൂടി തീരുമാനിക്കുന്നത്. അതുകൊണ്ട് അവർ തീരുമാനിച്ചാലേ ശരിയാകൂ. ഗവൺമെന്റ് തീരുമാനിച്ചാൽ തെറ്റാകുമെന്ന് പറയുന്ന വാദഗതിയോട് ഞങ്ങൾക്ക് യോജിപ്പില്ല. ഇലക്ഷൻ കമ്മീഷനെ തീരുമാനിക്കുന്നത് ഗവൺമെന്റല്ലേ? ഗവൺമെന്റ് തീരുമാനിച്ച് അയാൾ ആ സ്ഥാനത്തുവന്നാൽ അയാൾ നിഷ്പക്ഷനാണ്. ഏത് സ്ഥാനത്തും നിയമിക്കപ്പെട്ട് കഴിഞ്ഞാൽ അയാൾ നിഷ്പക്ഷനാണ്. ആ തരത്തിലാണ് ഇവിടെയും നമ്മൾ ട്രൈബ്യൂണലിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ളത്. അതാണ് ഇതിനകത്ത് ഉൾക്കൊള്ളിച്ചിട്ടുള്ള പ്രധാനമായ കാര്യം. ഞാൻ പറഞ്ഞു, ഇത് രാഷ്ട്രീയ താൽപ്പര്യത്തിനുവേണ്ടി ഉപയോഗിക്കുക എന്നുള്ളതല്ല സമയബന്ധിതമായി പ്രശ്നങ്ങൾ തീർപ്പാക്കണം. നിരവധി കേസ്സുകളിൽ കുടുങ്ങിക്കിടക്കുന്ന ഒരു അവസ്ഥയാണ്. മൂന്നാറിൽ പല തരത്തിലുള്ള തിരിമറികളും നടന്നിട്ടുണ്ട്. പട്ടയം കൊടുത്ത ഭൂമി തന്നെ നിയമവിരുദ്ധമായി കൈമാറ്റം ചെയ്ത കേസ്സുകളുണ്ട്. അതെല്ലാംതന്നെ പെട്ടെന്ന് തീരുമാനിക്കപ്പെടണം. ഫോറസ്റ്റ് കേസ്സുകളൊന്നും ഈ ട്രൈബ്യൂണലിന്റെ പരിധിയിൽ ഉൾപ്പെടുത്താൻ വ്യവസ്ഥപ്പെടുത്തിയിട്ടില്ല. നവീന മൂന്നാർ സൃഷ്ടിക്കുക എന്നുള്ളത് തന്നെയാണ് ഈ ഗവൺമെന്റിന്റെ പ്രതിജ്ഞ. അതിനുവേണ്ടിയുള്ള നിരവധി പ്രവർത്തനങ്ങൾ അവിടെ സ്വീകരിച്ചു കഴിഞ്ഞു. അതിന്റെ ഭാഗമാണ് ഈ ബിൽ. ഈ പറയുന്ന കേസ്സുകൾ തീർപ്പ് കൽപ്പിക്കൽ, അതുപോലെ തന്നെ ഭൂമി ഏറ്റെടുക്കലിന് കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസ്, അവിടെതന്നെ അതോറിറ്റി രൂപീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച സംവിധാനത്തോടുകൂടി മൂന്നാർ അതോറിറ്റിയുടെ പ്രഥമയോഗം ആഗസ്റ്റ് മാസം 3-ാം തീയതി മൂന്നാറിൽ ചേരുകയാണ്. സമയബന്ധിതമായി കാര്യങ്ങളെല്ലാം തീരുമാനിക്കും. മൂന്നാറിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുവേണ്ടിയുള്ള പ്രക്രിയയുടെ ഒരു ഭാഗമാണ് ഈ ട്രൈബ്യൂണൽ രൂപീകരിച്ചുകൊണ്ടുള്ള സർക്കാരിന്റെ തീരുമാനം. ഇത് എല്ലാവരും അംഗീകരിക്കണമെന്നാണ് ഞാൻ പറയുന്നത്. ക്ലാസ്സ് ബൈ ക്ലാസ്സിലേക്ക് കടക്കുമ്പോൾ പല ഭേദഗതികളും ആലോചിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള ഭേദഗതികൾ ചിലത് പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ട്. സ്വീകരിക്കാൻ സാധിക്കുന്ന ഭേദഗതികൾ സ്വീകരിക്കും.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു. ശ്രീ. എസ്. രാജേന്ദ്രൻ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എസ്. രാജേന്ദ്രൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു ; ബിൽ പരിഗണനയ്ക്കെടുക്കുന്നു.

2-ാം വകുപ്പ്

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(151) ഖണ്ഡം 2(ഡി)-യിൽ "കോടതികളുടെയോ" എന്നതിനു പകരം "കോടതിയുടെയോ" എന്നു ചേർക്കുക.

ശ്രീ. ആര്യാടൻ മുഹമ്മദിനുവേണ്ടി, ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(156) ഖണ്ഡം 2(ജി) താഴെപ്പറയും പ്രകാരം മാറ്റി എഴുതുക.

"(ജി): "മൂന്നാർ പ്രദേശം" എന്നാൽ ഇടുക്കി ജില്ലയിലെ ദേവികുളം ഉടുമ്പൻചോല എന്നീ താലൂക്കുകളിൽ ഉൾപ്പെടുന്ന മുഴുവൻ ഭൂമിയും എന്നർത്ഥമാകുന്നു."

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു

ശ്രീ. കെ. ബാബു അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

3-ാം വകുപ്പ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(159) 3-ാം ഖണ്ഡത്തിന്റെ മാർജിനൽ ഹെഡിംഗ് താഴെ പറയും പ്രകാരം മാറ്റി എഴുതുക "3. ട്രൈബ്യൂണലിന്റെ രൂപീകരണവും അതിന്റെ ഘടനയും ചുമതലകളും."

LIBRARY ARCHIVES Kerala Legislative Assembly

(173) ഖണ്ഡം 3 (4)-ൽ താഴെപ്പറയും പ്രകാരം ക്ലിപ്ത നിബന്ധന ചേർക്കുക "എന്നാൽ ഇവരുടെ ഔദ്യോഗിക കാലാവധിക്കുള്ളിൽ ഇവരുടെ ശമ്പളവും ബത്തകളും കുറവ് വരുത്താൻ പാടില്ലാത്തതാകുന്നു."

ശ്രീ. വർക്കല കഹാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(178) ഖണ്ഡം 3(6)-ൽ "ഉദ്യോഗസ്ഥരേയും മറ്റ് ജീവനക്കാരെയും" എന്ന വാക്കുകൾക്കുശേഷം "സെക്രട്ടേറിയറ്റ് ഉൾപ്പെടെയുള്ള സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷൻ മുഖേന" എന്ന് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(184) ഖണ്ഡം 3(9)-ൽ "തർക്കങ്ങളും" എന്ന വാക്കിന് പകരം "വ്യവഹാരങ്ങളും തർക്കങ്ങളും" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു. (182) ഖണ്ഡം 3(9)-ൽ

(1) മൂന്നാം വരിയിൽ "എല്ലാ" എന്ന വാക്കു കഴിഞ്ഞ് "വ്യവഹാരങ്ങളും" എന്നുകൂടി ചേർക്കുക.

(2) നാലാം വരിയിലെ "നടത്തേണ്ടതും" എന്ന വാക്കിനുശേഷം അർദ്ധ വിരാമ അടയാളം ചേർക്കുക.

(3) അഞ്ചാം വരിയിലെ "അധികാരിതയുമുള്ള ഏതൊരു" എന്നതിന് പകരം "അധികാരിതയുള്ള ഏതൊരു" എന്ന് ചേർക്കുക.

(185) ഖണ്ഡം 3(9)-ൽ "ന്യായനിർണ്ണയമോ നടത്തുന്നതിന്" എന്ന വാക്കുകൾക്കുശേഷമുള്ള punctuation ഒഴിവാക്കുകയും "ആധികാരിതയുമുള്ള" എന്ന വാക്കിന് പകരം "അധികാരിതയുള്ള" എന്ന് ചേർക്കുക.

(186) ഖണ്ഡം 3(9)-ൽ അവസാന വരിയിലെ "ഉണ്ടായിരിക്കുന്നത്" എന്ന വാക്കിനുപകരം "ഉണ്ടായിരിക്കുന്നരുമാണ്"എന്ന വാക്ക് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതി അംഗീകരിച്ചു. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 159-ാം നമ്പർ ഭേദഗതിയും ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സഭ അംഗീകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

4-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(244) (1) 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡത്തിൽ "ഈ ആക്ട് പ്രാബല്യത്തിൽ വന്നാലുടൻ തന്നെ" എന്ന വാക്കുകൾക്ക് പകരം "ഈ ആക്ട് പ്രകാരം ട്രൈബ്യൂണൽ രൂപീകരിച്ചാലുടൻ തന്നെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(2) 4-ാം ഖണ്ഡം (2)-ാം ഉപഖണ്ഡം വിട്ടുകളയേണ്ടതാണ്.

(3) 4-ാം ഖണ്ഡത്തിലെ "(1)" എന്ന അക്കവും ബ്രാക്കറ്റും വിട്ടുകളയേണ്ടതാണ്.

ശ്രീ. എ. എ. ഷുക്കൂർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(194) ഖണ്ഡം 4-ന്റെ മാർജിനൽ ശീർഷകം താഴെ പറയും പ്രകാരം മാറ്റുക.

"4 ട്രൈബ്യൂണിലേക്ക് വ്യവഹാരങ്ങളും തർക്കങ്ങളും കൈമാറ്റം ചെയ്യൽ:-"

ശ്രീ. കെ. കെ. ഷാജു: സർ, ഞാൻ ഭേദഗതി അവതരിപ്പിക്കുന്നു.

(200).ഖണ്ഡം 4(1)-ൽ "വന്നാലുടൻ" എന്നതിനു പകരം "ഈ ആക്ട് പ്രാബല്യത്തിൽ വന്ന് ഒരാഴ്ചയ്ക്കകം" എന്ന് ചേർക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(203).ഖണ്ഡം 4 (2)-ൽ " എല്ലാ തർക്കങ്ങളും" എന്ന വാക്കുകൾക്കുപകരം "എല്ലാ വ്യവഹാരങ്ങളും തർക്കങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(204).ഖണ്ഡം 4(2)-ൽ "രണ്ടാഴ്ചയ്ക്കുള്ളിൽ" എന്ന വാക്കുകൾക്കു പകരം "ഒരു മാസത്തിനുള്ളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, നാലാം വകുപ്പിൽ ഒന്നും പ്രത്യേകിച്ച് സ്വീകരിക്കേണ്ടതായിട്ടില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. എ. എ. ഷുക്കൂർ അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. കെ. ഷാജു അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 204-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

5-ാം വകുപ്പ്

ശ്രീ. വർക്കല കഹാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(207).ഖണ്ഡം 5(1)-ൽ "അന്തിമ വിധിക്കായി റഫർ ചെയ്യുന്നതിന്" എന്നീ വാക്കുകൾക്കു പകരം "കൈമാറ്റം ചെയ്യുന്നതിന്" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(209) ഖണ്ഡം 5(2)-ൽ "അങ്ങനെയുള്ള റഫറൻസിൽ" എന്നീ വാക്കുകൾക്കു പകരം "ഇത്തരത്തിൽ കൈമാറ്റം ചെയ്യുന്ന വ്യവഹാരങ്ങളിൽ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു. (212) ഖണ്ഡം 5(2) നീക്കം ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ 210-ാം നമ്പർ ഭേദഗതി മൂവ് ചെയ്തിട്ടില്ല. അത് ഔദ്യോഗിക ഭേദഗതിയായി അംഗീകരിക്കാവുന്നതാണ്.

(210) ഖണ്ഡം 5(2)-ൽ "അന്തിമവുമായിരിക്കുന്നതുമാണ്" എന്നതിനു പകരം "അന്തിമമായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 207-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അവതരിപ്പിച്ച 209-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. സി. വിഷ്ണുനാഥ് അവതരിപ്പിച്ച 212-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

6-ാം വകുപ്പ്

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടിട്ടില്ല

മി. സ്പീക്കർ : 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

7-ാം വകുപ്പ്

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(216) ഖണ്ഡം 7(എ) യിൽ "സത്യപ്രതിജ്ഞയിന്മേൽ" എന്നതിനു പകരം "സത്യപ്രതിജ്ഞചെയ്യിച്ച്" എന്ന് ചേർക്കുക.

ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(219) ഖണ്ഡം 7(ഇ) താഴെപറയും പ്രകാരം ഭേദഗതി ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

"(ഇ) ഒരു തീരുമാനം എടുക്കുന്നതിനായി ബന്ധപ്പെട്ട സ്ഥൂല വസ്തുവിനേയോ രേഖയുടേയോ പരിശോധന."

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(221) ഖണ്ഡം 7(ഇ) യിൽ "സാധനത്തിന്റെയോ" എന്നതിനു പകരം "സാധന സാമഗ്രികളുടെയോ" എന്ന് ചേർക്കുക.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

223. ഖണ്ഡം 7 (എഫ്) ഇനി പറയുംപ്രകാരം ഭേദഗതി ചെയ്യുക.

"(എഫ്) ഒരു കോടതിയുടേയോ അധികാരസ്ഥാനത്തിന്റെയോ ഓഫീസിന്റെയോ കൈവശമുള്ള ഒരു പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക"

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഏഴാം വകുപ്പിൽ ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടിയുടെ 218-ാം നമ്പർ ഭേദഗതി മൂവ് ചെയ്തിട്ടില്ല. അത് ഔദ്യോഗിക ഭേദഗതിയായിട്ട് അവതരിപ്പിക്കുന്നു 218 ഖണ്ഡം 7(ബി)-യിൽ 'വെളിപ്പെടുത്തുന്നതിനും' എന്ന വാക്കിനു പകരം 'കണ്ടെത്തുന്നതിനും' എന്ന് ചേർക്കുക. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. ബാബു അവതരിപ്പിച്ച 219-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ശിവദാസൻ നായർ അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

8-ാം വകുപ്പ്

മി. സ്പീക്കർ : ഭേദഗതികൾ ഇല്ല.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

9-ാം വകുപ്പ്

ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സ്വീകരിക്കാവുന്ന ഭേദഗതികളില്ല.

മി. സ്പീക്കർ : 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

10-ഉം, 11-ഉം വകുപ്പുകൾ

മി. സ്പീക്കർ : ഭേദഗതികൾ ഇല്ല.

10-ഉം, 11-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

10-ഉം 11-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

12-ാം വകുപ്പ്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

(245) 12-ാം ഖണ്ഡത്തിൽ (2)-ാം ഉപഖണ്ഡത്തിലെ "ജില്ലാ കോടതിയിലേക്ക് അയച്ചുകൊടുക്കേണ്ടതും അങ്ങനെയുള്ള രേഖകൾ ജില്ലാ കോടതിയുടെ" എന്ന വാക്കുകൾക്കു പകരം 'ബന്ധപ്പെട്ട കോടതിയിലേക്കോ അധികാരസ്ഥാനത്തിലേയ്ക്കോ അയച്ചു കൊടുക്കേണ്ടതും അങ്ങനെയുള്ള രേഖകൾ പ്രസ്തുത കോടതിയുടെയോ അധികാരസ്ഥാനത്തിന്റെയോ' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(234) ഖണ്ഡം 12 (1)-ൽ "എല്ലാ തർക്കങ്ങളും അന്തിമമായി തീർപ്പാക്കപ്പെട്ടിട്ടുണ്ടെന്നും, ട്രൈബ്യൂണലിന്റെ പ്രവർത്തനം ഇനിമേൽ ആവശ്യമില്ലെന്നും" എന്നീ വാക്കുകൾക്കു പകരം "എല്ലാ വ്യവഹാരങ്ങളും, തർക്കങ്ങളും തീർപ്പാക്കപ്പെട്ടിട്ടുണ്ടെന്നോ ട്രൈബ്യൂണലിന്റെ പ്രവർത്തനം ഇനിമേൽ ആവശ്യമില്ലെന്നോ". എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(237) ഖണ്ഡം 12 (2)-താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(2) (1)-ാം ഉപവകുപ്പ് പ്രകാരം നിർത്തലാക്കുന്ന ട്രൈബ്യൂണലിന്റെ എല്ലാ രേഖകളും വസ്തുക്കളും മൂന്നാർ പ്രദേശത്തെ അധികാരിതയുള്ള ജില്ലാ കോടതിക്ക് കൈമാറേണ്ടതും അങ്ങനെയുള്ള രേഖകളും വസ്തുക്കളും ആ ജില്ലാ കോടതിയുടെ രേഖകളുടേയും വസ്തുക്കളുടേയും ഭാഗമായി തീരുന്നതുമാണ്."

സർ, സ്പെസിഫിക്കാക്കാനായിട്ടാണ്. ജില്ലാ കോടതിക്ക് ട്രാൻസ്ഫർ ചെയ്യാമെന്നാണ് പറയുന്നത്. ഞാൻ പറയുന്നു. അവിടെ അധികാരമുള്ള ജില്ലാ കോടതിയിലേക്ക്. എന്നു പറഞ്ഞാൽ അത് ക്ലാരിറ്റിയോടുകൂടി വരും. ട്രൈബ്യൂണൽ ഇരിക്കുന്ന പ്രദേശത്ത് അധികാരമുള്ള ജില്ലാ കോടതിക്ക്. അത് കുറച്ചുകൂടി സ്പെസിഫിക്കാക്കാൻവേണ്ടിയാണ്.

ശ്രീ. ആര്യാടൻ മുഹമ്മദിനുവേണ്ടി ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(238) ഖണ്ഡം 12 (2)-താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുക.

"(2) (1)-ാം ഉപവകുപ്പ് പ്രകാരം നിർത്തലാക്കുന്ന ട്രൈബ്യൂണലിന്റെ എല്ലാ രേഖകളും വസ്തുക്കളും മൂന്നാർ പ്രദേശത്തെ അധികാരിതയുള്ള ജില്ലാ കോടതിക്ക് കൈമാറേണ്ടതും അങ്ങനെയുള്ള രേഖകളും വസ്തുക്കളും ആ ജില്ലാ കോടതിയുടെ രേഖകളുടേയും വസ്തുക്കളുടേയും ഭാഗമായി തീരുന്നതുമാണ്."

ഞാൻ സംസാരിക്കുന്നില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുതന്നെയാണ്. ഈ ട്രൈബ്യൂണൽ നിർത്തലാക്കുമ്പോൾ അതേ ജൂറിസ്ഡിക്ഷനുള്ള കോടതികൾക്ക് കൈമാറണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇതുസംബന്ധിച്ച് ഞങ്ങൾ ലോ ഡിപ്പാർട്ടുമെന്റുമായി ചർച്ച ചെയ്ത ഒരു വിഷയമാണ്. നിലവിലുള്ളതുതന്നെ മതിയാകുമെന്നാണ് നിയമ വകുപ്പിൽ നിന്ന് കിട്ടിയിട്ടുള്ള നിർദ്ദേശം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, അത് സ്പെസിഫിക്കാക്കുന്നതാണ്. നാളെ തർക്കങ്ങൾ ഒഴിവാക്കാൻ നമുക്ക് നല്ലതെന്നുള്ളതാണ് ഞങ്ങളുടെ കാഴ്ചപ്പാട്. കാരണം ഈ ട്രൈബ്യൂണൽ ഇരിക്കുന്ന സ്ഥലത്ത്

LIBRARY ARCHIVES Kerala Legislative Assembly

ജില്ലാ കോടതിക്ക് എന്ന് പറയുന്നതോടുകൂടി മറ്റൊരു ജില്ലാ കോടതി എന്നൊരു വ്യാഖ്യാനം വരികയില്ല. വേണമെങ്കിൽ അവർക്ക് വേഗായിട്ട് പറയാം. ജില്ലാ കോടതിക്ക് പോകുന്നുവെന്ന് പറഞ്ഞാൽ ഇപ്പോൾ തന്നെ ജൂറിസ്ഡിക്ഷനുള്ള ജില്ലാ കോടതിയെക്കുറിച്ചാണ് ഞങ്ങൾ വിവക്ഷിക്കുന്നത് എന്ന് വേണമെങ്കിൽ പറയാൻ പറ്റും. പക്ഷേ എന്നാൽ പോലും സ്പെസിഫിക്കായിട്ട് പറയുന്നതായിരിക്കും നിയമത്തിൽ ക്ലാരിറ്റിയുണ്ടാകാൻ നല്ലത്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : സർ, ഇതിന്റെ ആസ്ഥാനം മൂന്നാർ തന്നെയാണോ; ഇതിൽ പറഞ്ഞിട്ടില്ലല്ലോ; ആസ്ഥാനം എവിടെയാണെന്ന് പറയണ്ടേ ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പന്ത്രണ്ടാം ഖണ്ഡത്തിൽ രണ്ടാം ഉപഖണ്ഡത്തിലെ ജില്ലാ കോടതിയിലേക്ക് അയച്ചു കൊടുക്കേണ്ടതും. അങ്ങനെയുള്ള രേഖകൾ ജില്ലാ കോടതിയുടെ എന്ന വാക്കുകൾക്ക് പകരം ബന്ധപ്പെട്ട കോടതിയിലേയ്ക്കോ അധികാര സ്ഥാനങ്ങളിലേയ്ക്കോ അയച്ചു കൊടുക്കേണ്ടതും അങ്ങനെയുള്ള രേഖകൾ പ്രസ്തുത കോടതിയുടെയോ അധികാര സ്ഥാനത്തിന്റെയോ എന്ന് വാക്കുകൾ ചേർക്കേണ്ടതാണ്. ഒഫിഷ്യൽ ഭേദഗതിയിൽ വന്നിട്ടുണ്ട്. അതുകൊണ്ട് ഇത് ആവശ്യമില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സി.ടി.അഹമ്മദ് അലി അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 237-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ആര്യാടൻ മുഹമ്മദിനുവേണ്ടി ശ്രീ. കെ. ബാബു അവതരിപ്പിച്ച 138-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

ഭേദഗതി ചെയ്ത പ്രകാരമുള്ള 12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

13-ാം വകുപ്പ്

ശ്രീ. വർക്കല കഹാർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(243) ഖണ്ഡം 13(2)-ൽ "നിയമസഭയുടെ" എന്ന വാക്കിനുപകരം "നിയമസഭ" എന്ന വാക്ക് ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഭേദഗതി അംഗീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. വർക്കല കഹാർ അവതരിപ്പിച്ച 243-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

14-ാം വകുപ്പ്

മി. സ്പീക്കർ : ഭേദഗതികൾ ഇല്ല.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ .....

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. കെ. സി. ജോസഫിനുവേണ്ടി ശ്രീ. കെ. ബാബു : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതിരിപ്പിക്കുന്നു.

(106) നിലവിലെ ശീർഷകം "2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ" എന്നാക്കി ഭേദഗതി ചെയ്യുക.

(128) പീഠികയിലെ നാലാം ഖണ്ഡികയിൽ "മറ്റ് കെട്ടിടങ്ങളോ" എന്നീ വാക്കുകൾക്കു പകരം "അത്തരത്തിലുള്ള കെട്ടിടങ്ങളോ" എന്നീ വാക്കുകൾ ചേർക്കുക.

(134) പീഠികയിലെ അഞ്ചാം ഖണ്ഡികയിൽ "ഉൾപ്പെടെയുള്ള കോടതികളിലും വിവിധ അധികാര സ്ഥാനങ്ങളിലും" എന്നതിനു പകരം "ഉൾപ്പെടെയുള്ള വിവിധ കോടതികളിലും മറ്റ് അധികാര സ്ഥാപനങ്ങളിലും" എന്നു ചേർക്കുക.

ശ്രീ. എ. എ. ഷുക്കൂർ : സർ, ഞാൻ താഴെ പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(116) പീഠികയിലെ ഒന്നാം ഖണ്ഡികയിൽ നാലാമത്തെ വരിയിലെ "തർക്കങ്ങൾ" എന്ന വാക്കിനു പകരം "വ്യവഹാരങ്ങളും തർക്കങ്ങളും"എന്നീ വാക്കുകളും, അഞ്ചാമത്തെ വരിയിലെ "തർക്കങ്ങൾക്ക്' എന്ന വാക്കിനു പകരം "അത്തരം വ്യവഹാരങ്ങൾക്കും തർക്കങ്ങൾക്കും" എന്നീ വാക്കുകളും ചേർക്കുക.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. അബ്ദുറബ്ബ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(117) പീഠികയുടെ ആദ്യഖണ്ഡികയിൽ അഞ്ചാം വരിയിൽ "തർക്കങ്ങൾക്ക്" എന്ന വാക്കിനു പകരം "അവയ്ക്ക്" എന്ന് ചേർക്കുക.

ശ്രീ. ജി. കാർത്തികേയൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

(132) പീഠികയിലെ അഞ്ചാം ഖണ്ഡികയിൽ "വ്യവഹാരങ്ങളും തർക്കങ്ങളും" എന്നീ വാക്കുകൾക്കു പകരം "കേസുകൾ" എന്ന വാക്ക് ചേർക്കുക.

(140) പീഠികയിലെ ആറാം ഖണ്ഡിക താഴെപ്പറയും പ്രകാരം മാറ്റുക. "വ്യവഹാരങ്ങളിലും തർക്കങ്ങളിലും കൂടുതലും രേഖകളുടെ വിശദമായ പരിശോധനയും തെളിവു നൽകലും വേണ്ടിവരുന്ന വസ്തുതാപരമായ വ്യവഹാരങ്ങളും തർക്കങ്ങളും ആകയാലും;"

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, പീഠികയിൽ ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. കെ. ബാബു അവതരിപ്പിച്ച 106, 128, 134 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. എ. ഷുക്കൂർ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദുറബ്ബ് അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജി. കാർത്തികേയൻ അവതരിപ്പിച്ച 132, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മി. സ്പീക്കർ : ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി അങ്ങേയ്ക്ക് ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ബിൽ, 2010 പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

മി. സ്പീക്കർ : ഓർഡർ... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2010 ജൂലായ് 29-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.30-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly